# വാല്യം പത്ത്

## ഈശോ അൽമായ പ്രേഷിതരോട് സംസാരിക്കുന്നു

നമ്മുടെ കാലത്തിനുള്ള മാർഗദർശനം
അൽമായ പ്രേഷിതയായ
ആനിന്  നൽകപ്പെട്ടത്

**VOLUME TEN**
*Malayalam Translation*

Direction for Our Times
© Copyright 2013 Direction for Our Times

Publisher : Direction for Our Times

In Ireland:
Direction for Our Times
Tearmann Anama, Ballyjamesduff
Country Cavan, Republic of Ireland
Phone : +353 (0)49 437 3040

In the USA:
Direction for Our Times
9000 West 81st Street
Justice, IL 604 58, USA

In India:
Dr. Sunny George
Casa Maria (Veliyil)
Koovapally, Kanjirapally, India
Cell : +91 6235 236 164
Email : georgesunnyjy@gmail.com
www. directionforourtimes.org

Nihil Obstat:
Very Rev. John Canon Murphy, PP. VF

Imprimatur:
✠Most Rev. Leo O’Reilly, Bishop of Kilmore,
Ireland.

The *Nihil Obstat* and *Imprimatur* are an official declaration that a book or pamphlet are free of doctrinal or moral error and that ecclesiastical permission for its publication has been granted

Franciscan University of Steubenville
1235 University Blvd., Steubenville, Ohio 43952-1763

പ്രാദേശിക മെത്രാൻമാരുടെയോ (മനസിന്റെയും ഹൃദയത്തിന്റെയും പുത്രോചിതമായ അനുസരണത്തിന് നാം കടപ്പെട്ടിരിക്കുന്ന) പരിശുദ്ധ സിംഹാസനത്തിന്റെയോ അന്തിമവും നിർണായകവുമായ തീരുമാനത്തെക്കുറിച്ചുള്ള മുൻവിധിയില്ലാതെ അൽമായ അപ്പസ്തോലയായ ആനിന് ലഭിച്ച സന്ദേശങ്ങളെക്കുറിച്ചുള്ള വ്യക്തിപരമായ ബോധ്യം വെളിപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു.

പരാമർശിക്കപ്പെട്ട സന്ദേശങ്ങൾ പരിശോധിച്ചതിന്റെയും ആനുമായി നടത്തിയ കൂടികാഴ്ച്ചയുടെയും അടിസ്ഥാനത്തിൽ അവർക്ക് ലഭിച്ച സന്ദേശങ്ങൾ അലൗകികമാണെന്ന് ഞാൻ വിശ്വസിക്കുന്നു.

സന്ദേശങ്ങളുടെ ഉള്ളടക്കം കത്തോലിക്കാസഭയുടെ വിശ്വാസത്തെയും സന്മാർഗപാഠങ്ങളെയും അനുവർത്തിക്കുന്നവയാണ്. അവ ഒരു വിധത്തിലും യാഥാസ്ഥിതിക കത്തോലിക്കാ അനുശാസനങ്ങളെ ലംഘിക്കുന്നില്ല. സന്ദേശങ്ങൾ കൈമാറ്റം ചെയ്യപ്പെടുന്ന രീതിയുടെ കൃത്യത (വാഗ്വിലാസവും ഉൾക്കാഴ്ച്ചയും) ആധികാരിക സ്വകാര്യ വെളിപാടുകൾ സംബന്ധിച്ച സഭയുടെ ചരിത്രപരമായ പ്രമാണവിധികളുമായി പൊരുത്തമുള്ളതാണ്. ഈ സന്ദേശങ്ങൾ സ്വീകരിക്കപ്പെടുകയും പ്രചരിപ്പിക്കപ്പെടുകയും ചെയ്യുക വഴി ഹൃദയത്തിൽ വസിക്കുന്ന ഈശോയെക്കുറിച്ചുള്ള നവീകൃതബോദ്ധ്യത്തിലും ദിവ്യകാരുണ്യസന്നിധിയിലുള്ള പ്രാർത്ഥനയിലും അധിഷ്ടിതമായ ക്രിസ്തീയ വിശ്വാസത്തിന്റെ ആത്മീയഫലങ്ങളായ (cf.Mt 7: 17-20) പരിവർത്തനവും സ്നേഹവും ആന്തരിക സമാധാനവും താരതമ്യേന ചുരുങ്ങിയ സമയത്തിനുള്ളിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങിൽ പ്രാധാന്യത്തോടെ പ്രചരിപ്പിക്കപ്പെട്ടു. അതുകൊണ്ട് അലൗകിക സംഭവങ്ങൾ അന്വേഷിക്കുന്ന സഭാകമ്മീഷനുകളുടെ (സന്ദേശം, പ്രതിഭാസം, ആത്മീയ ഫലങ്ങൾ) പ്രധാന

മാനദണ്ഡങ്ങൾ ആനിന്റെ അനുഭവങ്ങളുടെ കാര്യത്തിൽ വസ്തുതാപരമായി തൃപ്തികരമാണെന്നാണ് എന്റെ അഭിപ്രായം.

രാജാവായ യേശുവിന്റെ രണ്ടാമത്തെ ആഗമനത്തെക്കുറിച്ച് സംസാരിക്കുന്ന സന്ദേശങ്ങൾ ക്രിസ്തുവിന്റെ മൂർത്തമായ അവസാനവരവിനെത്തുടർന്നുള്ള ലോകാവസാനം ആസന്നമാണെന്ന് പരാമർശിക്കുന്നില്ല. പകരം മനുഷ്യകുലത്തിന് അസാധാരണമായ അനുഗ്രഹങ്ങളുടെയും സമാധാനത്തിന്റെയും കാലം വാഗ്ദാനം ചെയ്യുന്ന ക്രിസ്തുവിന്റെ സജീവവും സമകാലികവുമായ രണ്ടാമത്തെ ആഗമനത്തെ ആത്മീയമായി സ്വീകരിക്കാൻ ആഹ്വാനം ചെയ്യുന്നു. (മറിയത്തിന്റെ വിമലഹൃദയത്തിന്റെ വിജയഫലമായ സമാധാനത്തിന്റെ അവസാന നാളുകളെക്കുറിച്ചുള്ള ഫാത്തമാ വാഗ്ദാനത്തിനും സഭയുടെ "പുതിയ വസന്തകാലത്തെക്കുറിച്ചുള്ള" മഹാനായ ജോൺ പോൾ രണ്ടാമൻ പാപ്പയൂടെ പരാമർശത്തിനും സമാനമാണിത്)

തനിക്കു ലഭിച്ച സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിന് പ്രാദേശിക മെത്രാനായ ലിയോ ഒറിലിയിൽ നിന്ന് ആനിന് അനുമതി ലഭിക്കുകയും എല്ലാ കുറിപ്പുകളും വിശ്വാസ തിരുസംഘത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ ലോകമെമ്പാടുമുള്ള ഒട്ടേറെ കത്തോലിക്കാ നേതാക്കൾക്ക് ആധികാരികമായ ആത്മീയ നേട്ടങ്ങൾക്ക് ഉപകരിച്ചിട്ടുള്ള ഈ സന്ദേശങ്ങൾ പ്രാർത്ഥനയോടെ വായിക്കുന്നതിന് (സഭതന്നെ അനുവദിച്ചിരിക്കുന്നതുപോലെ) ഞാൻ വ്യക്തിപരമായി പ്രോത്സാഹനമേകുന്നു.



**Dr. Mark Miravalle**
Professor of Theology and Mariology
Franciscan University of Steubenville
October 13, 2006

# ഉള്ളടക്കം


| | | |
|---|---|---|
| ആമുഖം | .......................................... | IX |
| സെപ്റ്റംബർ 23, 2004 | .......................................... | 3 |
| സെപ്റ്റംബർ 24, 2004 | .......................................... | 7 |
| സെപ്റ്റംബർ 25, 2004 | .......................................... | 11 |
| സെപ്റ്റംബർ 27, 2004 | .......................................... | 13 |
| സെപ്റ്റംബർ 28, 2004 | .......................................... | 17 |
| സെപ്റ്റംബർ 29, 2004 | .......................................... | 19 |
| സെപ്റ്റംബർ 30, 2004 | .......................................... | 21 |
| ഒക്ടോബർ 1, 2004 | .......................................... | 23 |
| ഒക്ടോബർ 2, 2004 | .......................................... | 25 |
| ഒക്ടോബർ 4, 2004 | .......................................... | 27 |
| ഒക്ടോബർ 5, 2004 | .......................................... | 29 |
| ഒക്ടോബർ 6, 2004 | .......................................... | 31 |
| ഒക്ടോബർ 7, 2004 | .......................................... | 33 |
| ഒക്ടോബർ 8, 2004 | .......................................... | 35 |
| ഒക്ടോബർ 9, 2004 | .......................................... | 37 |
| ഒക്ടോബർ 11, 2004 | .......................................... | 39 |
| ഒക്ടോബർ 13, 2004 | .......................................... | 41 |
| ഒക്ടോബർ 14, 2004 | .......................................... | 43 |
| ഒക്ടോബർ 15, 2004 | .......................................... | 45 |
| അനുബന്ധം | .......................................... | 47 |

# ആമുഖം

പ്രിയ വായനക്കാരേ,

ഭാര്യയും ആറു മക്കളുടെ അമ്മയും ഒരു സ്വതന്ത്ര ഫ്രാൻസിസ്കയുമാണ് ഞാൻ.

ഇരുപതാം വയസിൽ ഗൗരവതരമായ കാരണങ്ങളാൽ സഭയുടെ പിന്തുണയോടെ ഞാൻ വിവാഹമോചനം നേടി. ഇരുപതുകളുടെ മദ്ധ്യത്തിൽ ജോലി ചെയ്ത് മകളെ വളർത്തിയ ഏകരക്ഷിതാവായിരുന്നു ഞാൻ. എല്ലാ ദിവസവും വിശുദ്ധ കുർബാന സ്വീകരിക്കുന്ന എന്റെ വിശ്വാസം സുസ്ഥിരമായിരുന്നു. ഫ്രാൻസിസ്കൻ മൂന്നാം സഭയിലൂടെ ഈശോയുമായുള്ള ഐക്യത്തിലേക്ക് ഞാൻ യാത്ര തുടങ്ങുകയും ചെയ്തിരുന്നു.

ആയിടെ എന്റെ സഹോദരി ബോസ്നിയ ഹെർസെഗോവിനയിലെ വിഖ്യാത മരിയൻ തീർത്ഥാടനകേന്ദ്രമായ മെദ്ജുഗോറേ സന്ദർശിച്ച് പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് വീട്ടിൽ മടങ്ങിയെത്തി. അവളുടെ മനോഹരമായ തീർത്ഥാടനാനുഭവത്തെക്കുറിച്ച് കേട്ടപ്പോൾ എന്നിൽ കൂടുതൽ തീഷ്ണമായ മാറ്റമുണ്ടായി. തൊട്ടടുത്ത വർഷം ആഴമേറിയ പ്രാർത്ഥനയുടെ വിവിധ തലങ്ങളിലൂടെ ഞാൻ കടന്നുപോയി. ഒരിക്കൽ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട പരിശുദ്ധഅമ്മ ക്രിസ്തുവിനു വേണ്ടി വേല ചെയ്യാമോ എന്ന് എന്നോട് ആരാഞ്ഞു.

സവിശേഷമായ ഈ ആത്മീയവേലയ്ക്കുവേണ്ടി ഞാൻ ലോകത്തിൽ മറ്റുള്ളവരിൽനിന്ന് വേർതിരിക്കപ്പെടുമെന്ന് സ്വപ്നത്തിൽ വ്യക്തമാക്കിയ അമ്മ എന്റെ വലിയ കുടുംബത്തെ കാട്ടിത്തന്നശേഷം ഞാൻ കുടുംബാംഗങ്ങളിൽ നിന്ന് എങ്ങനെ അകറ്റപ്പെടുമെന്ന്

വിശദീകരിച്ചു. അതേക്കുറിച്ച് ആശങ്കയില്ലെന്നും അമ്മ ആവശ്യപ്പെടുന്നതെന്തും ചെയ്യാമെന്നും ഞാൻ വ്യക്ത മാക്കി.

അധികം വൈകാതെ എനിക്ക് ഗർഭാശയത്തിനു പുറത്ത് രക്തം കെട്ടുന്ന എൻഡോമെട്രിയോസിസ് എന്ന രോഗം ബാധിച്ചു. അന്നുമുതൽ ഒരു വിധത്തില ല്ലെങ്കിൽ മറ്റൊരുവിധത്തിൽ ഞാൻ രോഗിയായിരുന്നു. എന്റെ ആരോഗ്യപ്രശ്നങ്ങളൊന്നും ആരംഭദശയിൽ ഡോക്ടർമാർക്ക് കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല. ഇത് കുരിശിന്റെ ഭാഗം മാത്രമാണ്. ഒട്ടേറെപ്പേർക്ക് സമാന അനുഭവമുള്ളതുകൊണ്ടാണ് ഞാൻ ഇക്കാര്യം ഇവിടെ പരാമർശിച്ചത്. എനിക്ക് ഇനി ഒരിക്കലും ഗർഭം ധരിക്കാ നാവില്ലെന്ന് ഡോക്ടർ പറഞ്ഞു. ദൈവഹിതമാണെന്ന കാര്യം ഞാൻ ഉൾക്കൊണ്ടതുകൊണ്ട് ഏക രക്ഷിതാ വെന്ന നിലയിൽ അത് എന്നെ തെല്ലും അലട്ടിയില്ല. വൈകാതെ ഞാൻ അസാധാരണനായ ഒരു മനുഷ്യനെ കണ്ടുമുട്ടി. എന്റെ ആദ്യവിവാഹം അസാധുവാക്കപ്പെട്ടി രുന്ന സാഹചര്യത്തിൽ ഞങ്ങൾ വിവാഹിതരാവുകയും അഞ്ചുകുട്ടികൾ ഉണ്ടാവുകയും ചെയ്തു.

ആത്മീയതലത്തിൽ നോക്കിയാൽ ഇപ്പോൾ ആത്മഭാ ഷണങ്ങൾ എന്ന് ഞാൻ തിരിച്ചറിയുന്നവ ഉൾപ്പെടെ ഒട്ടേറെ അനുഭവങ്ങൾ എനിക്കുണ്ടായിട്ടുണ്ട്. ആ നിമിഷങ്ങൾ അതിമനോഹരങ്ങളായിരുന്നു. അന്നത്തെ വാക്കുകൾ ഇപ്പോഴും എന്റെ ഹൃദയത്തിൽ വ്യക്തമായി മുഴങ്ങുന്നുണ്ട്. പക്ഷെ, രോഗങ്ങളും തളർച്ചയും ദൈവ ത്തിന് കാഴ്ചവയ്ക്കുന്ന തിരക്കിലായിരുന്നതുകൊണ്ട് ഞാൻ ആവേശഭരിതയായില്ല. ഒരുപാടു കാര്യങ്ങൾ ചെയ്യാൻ ഏൽപ്പിച്ചിരുന്ന ഈശോ അവിടുത്തെ പാത യിൽ എന്നെ നിലനിർത്തുന്നതിനുവേണ്ടി ചെയ്യുന്ന കഠിനാദ്ധ്വാനത്തിന്റെ ഭാഗമായി മാത്രമേ ഞാൻ അവ

യെയൊക്കെ കണ്ടുള്ളൂ.
ഇന്നു തിരിഞ്ഞുനോക്കുമ്പോൾ, ഈശോ എന്നെ അവിടുത്തെ ജോലിക്കുവേണ്ടി ഒരുക്കുകയായിരുന്നു എന്ന് ഞാൻ മനസ്സിലാക്കുന്നു. എന്റെ ഒരുക്കത്തിന്റെ കാലം സുദീർഘവും ക്ലേശപൂർണ്ണവും ഏറെക്കുറെ ആവശേരഹിതവുമായിരുന്നു.

ബാഹ്യമായി നോക്കിയാൽ "ആ സ്ത്രീ എത്ര ഭാഗ്യദോഷിയാണ്" എന്ന് ജനങ്ങൾ ചിന്തിച്ചിട്ടുണ്ടാകുമെന്ന് എനിക്കു തോന്നുന്നു. പക്ഷെ, ആന്തരികമായി നോക്കുമ്പോഴാകട്ടെ. എന്റെ സഹനങ്ങൾ വേദനനിറഞ്ഞതും സുദീർഘവുമായിരിക്കവേ എന്റെ കൊച്ചുകുടുംബം സ്നേഹത്തിലും രൂപത്തിലും വിജ്ഞാനത്തിലും വളരുകയായിരുന്നു എന്നു ഞാൻ കണ്ടു. വൈജ്ഞാനികമായ വളർച്ചയെന്നുവച്ചാൽ പ്രധാനപ്പെട്ടവയും അപ്രധാനമായവയും ഏതൊക്കെയെന്ന് ഞാനും എന്റെ ഭർത്താവും തീർച്ചയായും തിരിച്ചറിഞ്ഞിരുന്നു. തുടർച്ചയായ കുരിശുകളാണ് ഞങ്ങൾക്ക് ആ തിരിച്ചറിവു നൽകിയത്.

വിവിധ സാഹചര്യങ്ങൾ മൂലം കുട്ടികൾക്കൊപ്പം പ്രിയപ്പെട്ടവരിൽ നിന്ന് ഏറെ ദൂരത്തേക്ക് മാറാൻ ഞാനും ഭർത്താവും നിർബന്ധിതരായി. ഈ അവസ്ഥയെയും ഞാൻ ദൈവത്തിന് സമർപ്പിച്ചു. ജീവിതത്തിൽ എനിക്ക് സമരസപ്പെടേണ്ടിവന്ന ഏറ്റവും വിഷമകരമായ സാഹചര്യമായിരുന്നു അത്.

സ്വന്തം നാട്ടിൽ നിന്ന് അകന്നുതാമസിക്കുമ്പോൾ ക്രിസ്തുവിന്റെ ഹിതവുമായി പൊരുത്തപ്പെടാനുള്ള ഒട്ടേറെ അവസരങ്ങൾ ലഭിക്കും. എങ്കിലും, അങ്ങനെയാണ് പ്രവർത്തിക്കുന്നതെന്ന് നിങ്ങൾ തുടർച്ചയായി സ്വയം ഓർമ്മിപ്പിച്ചുകൊണ്ടേയിരിക്കണം. അല്ലെങ്കിൽ വിഷാദം തോന്നും. നാട്ടിൽനിന്നകന്ന് പലവർഷങ്ങൾ

കഴിഞ്ഞശേഷം ഒടുവിൽ എനിക്ക് മെദ്ജുഗോറേയിലേക്ക് പോകാനുള്ള പ്രചോദനമുണ്ടായി. യഥാർത്ഥത്തിൽ എന്റെ നാൽപ്പതാം ജന്മദിനം പ്രമാണിച്ച് ഭർത്താവിന്റെ സമ്മാനമായിരുന്നു ആ യാത്ര. നേരത്തെ ഒരുതവണ ഞാൻ പോകാൻ ശ്രമിച്ചിരുന്നെങ്കിലും സാഹചര്യങ്ങൾ എതിരായപ്പോൾ ദൈവഹിതം അതല്ലെന്ന് മനസ്സിലാക്കി. എന്നിട്ടും ഒടുവിൽ അതിനു സമയമായപ്പോൾ ഞാനും മൂത്തമകളും അവിടെ സെന്റ് ജെയിംസ് ദേവാലയത്തിനു മുന്നിലെത്തി. മെദ്ജുഗൊറേയിലേക്കുള്ള അവളുടെ രണ്ടാമത്തെ യാത്രയായിരുന്നു അത്.

സാധാരണയിൽകവിഞ്ഞ് എന്തെങ്കിലും അനുഭവം എനിക്കുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയോ ചിന്തിക്കുകയോ ചെയ്തിരുന്നില്ല. ആദ്യതീർത്ഥാടനം തന്നെ ഏറെ ഇഷ്ടപ്പെട്ട എന്റെ മകൾ അത്ഭുതങ്ങൾ പ്രതീക്ഷിച്ചെത്തുന്ന ആളുകളെക്കുറിച്ച് പല തമാശകളും പറഞ്ഞു. മതവിശ്വാസികളുടെ കാർണിവലെന്നാണ് അവൾ മമതയോടെ മെദ്ജുഗൊറേയെ വിളിക്കുന്നത്. ഭൂമിയിൽ ഏറെ ആഹ്ലാദമുള്ള സ്ഥലമാണതെന്നും അവൾ പറയുന്നു.

ആന്റിക്കൊപ്പം വിദേശയാത്രയ്ക്കുള്ള അവസരം പ്രയോജനപ്പെടുത്തി മുൻപ് ഇവിടെ എത്തുമ്പോൾ നിഷേധിയായ ഒരു പതിനാലുകാരിയായിരുന്ന അവൾ തികച്ചും ശാന്തയും ആദരവുള്ളവളുമായാണ് മടങ്ങിയെത്തിയത്. എല്ലാ ചെറുപ്പക്കാരെയും തീർത്ഥാടനത്തിനയയ്ക്കണമെന്ന് പറയാൻ എന്റെ ഭർത്താവിനെ പ്രേരിപ്പിച്ചത് അവളിലെ മാറ്റമാണ്.

എന്തായിരുന്നാലും മനോഹരമായ അഞ്ചുദിവസങ്ങളായിരുന്നു അത്. കുന്നിൻമുകളിൽ ഞാൻ ആത്മീയസൗ

ഖ്യം അനുഭവിച്ചു. മകൾ സ്വസ്ഥയായി പ്രാർത്ഥിച്ചു. നിശബ്ദവും നിർണ്ണായകവുമായ ഒരു കാര്യം എന്നിൽ സംഭവിച്ചു. വിശുദ്ധകുർബ്ബാന സ്വീകരണവേളകളിൽ ഞാൻ ഈശോയുമായി സംഭാഷണം നടത്തി. അതി മനോഹരമായ അനുഭവമായിരുന്നു അത്. മുൻപും അങ്ങനെ സംഭവിച്ചിരുന്നതിനാൽ ഞാൻ അത്ഭുതപര തന്ത്രയോ ആവേശഭരിതയോ ആയില്ല.

മെദ്ജുഗൊറേയിലെ ദിവ്യകാരുണ്യസ്വീകരണത്തിന്റെ

വേറിട്ട അനുഭവത്തെക്കുറിച്ച് മുൻപ് പലരും പറഞ്ഞി ട്ടുള്ളത് ഞാൻ ഓർത്തു. ഞങ്ങളെ അവിടെ എത്തിച്ച പരിശുദ്ധ അമ്മയ്ക്ക് നന്ദിയർപ്പിച്ച് ഞാൻ വീട്ടിൽ മട ങ്ങിയെത്തി.

ആ മഞ്ഞുകാലം മുഴുവൻ ഞാൻ ഈശോയുമായുള്ള സംഭാഷണം തുടർന്നു. തീർത്ഥാടനത്തിനുശേഷമുള്ള ആറു മാസക്കാലത്ത് ഈ സംഭാഷണം എന്റെ ജീവി തത്തിലേക്കും കടന്നുവന്നു. ചില പ്രത്യേക സമയ ങ്ങളിലായിരുന്നു ഇത്. ഈശോ തന്റെ തീരുമാനത്തി നൊത്ത് എനിക്ക് നിർദ്ദേശങ്ങൾ നൽകിക്കൊണ്ടിരുന്നു. ഓരോ കാര്യങ്ങൾ ചെയ്യാൻ അവിടുന്ന് ആവശ്യപ്പെടു മ്പോൾ നിരസിക്കുക എന്നത് എന്നെ സംബന്ധിച്ചിട ത്തോളം ക്ലേശകരമായിത്തീർന്നു. ഇതേക്കുറിച്ച് ഞാൻ മറ്റാരോടും പറഞ്ഞില്ല.

ഇക്കാലയളവിൽതന്നെ പരിശുദ്ധ അമ്മയിൽ നിന്നും എനിക്ക് മാർഗദർശനം ലഭിച്ചുതുടങ്ങി. അവരുടെ സ്വരങ്ങൾ തിരിച്ചറിയാൻ ബുദ്ധിമുട്ടുണ്ടായിരുന്നില്ല. അവരുടെ സ്വരം കാതിലല്ല, മറിച്ച് മനസ്സിലോ ഹൃദയ ത്തിലോ ആണ് ഞാൻ കേട്ടത്.

സവിശേഷമായ ചിലത് സംഭവിക്കുകയാണെന്നും

ഭാര്യയും അമ്മയുമെന്ന പ്രാഥമിക ദൗത്യങ്ങൾക്കപ്പുറം എനിക്കായി പ്രത്യേക ജോലി കരുതിവെച്ചിട്ടുണ്ടെന്നും യേശു പറയുന്നതായും ഞാൻ മനസ്സിലാക്കി.

ലഭിക്കുന്ന സന്ദേശങ്ങൾ എഴുതിവയ്ക്കണമെന്നും അവ പ്രസിദ്ധപ്പെടുത്താനും പ്രചരിപ്പിക്കാനും ക്രമീകരണമേർപ്പെടുത്താമെന്ന് അവിടുന്ന് നിർദ്ദേശിച്ചു.

പിന്തിരിഞ്ഞുനോക്കുമ്പോൾ, അവിടുന്നിൽ പൂർണ്ണമായും വിശ്വാസമർപ്പിക്കുന്ന രീതിയിൽ എന്നെ മാറ്റിയെടുക്കുന്നതിന് ഈശോയ്ക്ക് ദീർഘകാലം വേണ്ടിവന്നുവെന്നു കാണാം. ഇന്ന് ഞാൻ അവിടുത്തെ സ്വരത്തിൽ വിശ്വാസമർപ്പിക്കുന്നു. ദൗർബല്യങ്ങളോടും വീഴ്ചകളോടും ലോകത്തിന്റെ പ്രലോഭനങ്ങളോടുമുള്ള നിരന്തര പോരാട്ടം തുടർന്നുകൊണ്ട് അവിടുത്തെ സേവിക്കാൻ എന്റെ കഴിവിന്റെ പരമാവധി ശ്രമിക്കും.

ഈശോയെ സേവിക്കുന്നതിനുള്ള പരിശ്രമം ഞാൻ തുടരവേ, നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുക. അവിടുത്തേക്ക് നമ്മെക്കൊണ്ട് ഏറെ ആവശ്യങ്ങളുള്ളതുകൊണ്ടും അവിടുന്ന് ഏറെ കാരുണ്യവാനായതുകൊണ്ടും ഈശോയുടെ ചോദ്യങ്ങൾക്ക് എപ്പോഴും "ഉവ്വ്" എന്നു പ്രത്യുത്തരം നൽകുക. നിങ്ങൾ അനുവദിച്ചാൽ അവിടുന്ന് നിങ്ങളെ അവിടുത്തെ ഹൃദയത്തിലേക്ക് കൂട്ടിക്കൊണ്ടുപോകും. ഞാൻ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു. നിങ്ങൾക്കായി ഈ വാക്കുകൾ നൽകിയ ദൈവത്തിന് നന്ദിയർപ്പിക്കുന്നു. അടുത്തറിയുന്ന ആരും സ്നേഹിക്കുംവിധം മഹത്വവാനാണ് അദ്ദേഹം. നിങ്ങൾ ക്ലേശങ്ങൾ സഹിച്ചുവരികയാണെങ്കിൽ അതാണ് നിങ്ങളുടെ ഉത്തരം. അവിടുന്ന് ഈ വാക്കുകളിലൂടെ, അവയിലൂടെ ഒഴുകുന്ന അനുഗ്രഹ

ങ്ങളിലൂടെ സവിശേഷമായ രീതിയിൽ നിങ്ങളിലേക്ക് വരികയാണ്.

അവിടുത്തേയ്ക്ക് നിങ്ങളെ വിശുദ്ധിയുടെ ഉന്നതതലങ്ങളിലെത്തിക്കാനാവില്ലെന്ന മട്ടിലുള്ള ചിന്തകളുടെ കെണിയിൽ ദയവുചെയ്ത് വീഴരുത്. എന്റെ കുറിപ്പുകളിൽ ചിലേടത്ത് സൂചിപ്പിച്ചിട്ടുള്ളതുപോലെ എന്നെപ്പോലെയുള്ളവരെ കാര്യദർശികളാക്കിയാണ് ഈശോ ഇക്കാലഘട്ടത്തിലെ വലിയ അടയാളങ്ങൾ പ്രവർത്തിക്കുന്നത്. പ്രിയ സുഹൃത്തുക്കളേ, അവിടുത്തെ ബി–ടീമായാണ് ഞാൻ സ്വയം കണക്കാക്കുന്നത്. എനിക്കൊപ്പം ചേരുക. നമുക്കൊന്നിച്ച് അവിടുത്തേക്കുവേണ്ടി എളിയ പ്രവർത്തനം കാഴ്ചവയ്ക്കാം.

മുകളിൽ കൊടുത്തിരിക്കുന്ന ജീവചരിത്രഭാഗം എഴുതിയതിനു തൊട്ടുപിന്നാലെ ഈശോയിൽ നിന്ന് ലഭിച്ച സന്ദേശം:

*എന്റെ കുഞ്ഞേ, ഞാനും നീയും ദീർഘകാലമായി ഒന്നിച്ചായിരുന്നല്ലോ. നീ ഈ ജോലി ആരംഭിക്കുന്നതിനു വർഷങ്ങൾക്കു മുമ്പ് ഞാൻ നിന്റെ ജീവിതത്തിൽ നിശബ്ദമായി പ്രവർത്തിച്ചുവരികയായിരുന്നു. ആൻ, ഞാൻ നിന്നെ എത്രമാത്രം സ്നേഹിക്കുന്നു. നിന്റെ ജീവിതത്തിലേക്ക് തിരിഞ്ഞുനോക്കി എനിക്കു മുന്നിൽ "ഉവ്വ്" എന്ന ഉത്തരം നൽകിയ അനേകം അവസരങ്ങൾ കാണാനാകും. അത് നിന്നെ സന്തുഷ്ടയാക്കുന്നില്ലേ?*

*അസാധാരണമായ അനുഗ്രഹങ്ങൾ അനുഭവിക്കുന്നതിനു വളരെ മുമ്പുതന്നെ നീ എനിക്ക് "ഉവ്വ്" എന്ന ഉത്തരം നൽകിത്തുടങ്ങിയിരുന്നു. അങ്ങനെ ചെയ്തിരുന്നില്ലെങ്കിൽ പ്രിയപ്പെട്ടവളേ, ഞാൻ നിനക്ക് അനുഗ്ര*

ഹങ്ങൾ തരുകയോ ഈ ദൗത്യം ഭരമേൽപ്പിക്കുകയോ ഇല്ലായിരുന്നു. നിന്റെ സാധാരണ ജീവിതത്തിലെ പ്രതിസന്ധികൾക്കും പ്രലോഭനങ്ങൾക്കും ക്ലേശങ്ങൾക്കും നടുവിൽ ഓരോ ദിവസവും ഉറക്കമുണർന്ന് നിന്റെ കർത്താവിനോട് "ഉവ്വ്" എന്ന് പറയുന്നത് എത്രമാത്രം പ്രധാനമായിരുന്നു എന്ന് നിനക്കറിയുമോ?

ഞാൻ കണ്ടിരുന്നതുപോലെ ഈ വലിയ പദ്ധതി നിനക്ക് കാണാനാകുമായിരുന്നില്ല. നിനക്ക് നിന്റെ വിശ്വാസത്തിൽ ആശ്രയമർപ്പിക്കേണ്ടിയിരുന്നു. ആൻ, ഇന്ന് ഞാൻ നിന്നോടു പറയുന്നു. ഇപ്പോഴും കാര്യങ്ങൾ അങ്ങനെതന്നെയാണ്. നിന്റെ മനുഷ്യമനസ്സിന് സ്വീകരിക്കാൻ കഴിയുന്നതിനേക്കാൾ വിപുലമായ എന്റെ പദ്ധതി നിനക്ക് കാണാനാവില്ല. എനിക്ക് മഹത്വം നൽകുന്ന നിന്റെ വിശ്വാസത്തിൽ തുടർന്നും ആശ്രയമർപ്പിക്കുക. നീ എനിക്കുവേണ്ടി വളരെ സൗമ്യവും വിനീതവുമായ ഒരു തീരുമാനമെടുത്തതുകൊണ്ട് നിന്നിലൂടെ എനിക്ക് എത്രമാത്രം പ്രവർത്തിക്കാനായി എന്നു നോക്കുക. ഇന്നും ഇനിയുള്ള ഓരോ ദിവസവും "ഞാൻ ദൈവത്തെ സേവിക്കും" എന്നു പറഞ്ഞുകൊണ്ട് സമാനമായ മറ്റൊരു തീരുമാനമെടുക്കുക. വേദനയിൽ കഴിഞ്ഞ ഒരു ആത്മാവിന് സമാശ്വാസം നൽകിക്കൊണ്ട് കഴിഞ്ഞ ദിവസം രാത്രി നീ എന്നെ സേവിച്ചു. അവനെ സേവിച്ചപ്പോൾ സ്വന്തം ഇംഗിതത്തിനെതിരായി എനിക്കുവേണ്ടി തീരുമാനമെടുക്കുകയായിരുന്നു.

അതുകൊണ്ട് സ്വർഗ്ഗത്തിൽ സന്തോഷമുണ്ടായി. ആൻ, നീ എന്റേതാണ്. ഞാൻ നിന്റേതും. എന്റെ കുഞ്ഞേ, എന്നോടൊപ്പമായിരിക്കുക.എന്നോടൊപ്പമായിരിക്കുക.

# നിത്യപിതാവായ ദൈവത്തോടുള്ള പ്രാർത്ഥന

**സ്വർഗ്ഗസ്ഥനായ പിതാവേ, അങ്ങയോടുള്ള വിധേയത്വം ഞാൻ ഏറ്റുപറയുന്നു. എന്റെ ജീവിതവും പ്രവൃത്തികളും ഹൃദയവും അവിടുത്തേക്ക് സമർപ്പിക്കുന്നു. അങ്ങയുടെ എല്ലാ നിർദ്ദേശങ്ങളും സാധ്യമായ വിധത്തിൽ പൂർണ്ണമായും അനുസരിക്കാനുള്ള അനുഗ്രഹം എനിക്കു നൽകേണമേ. ആമ്മേൻ.**

**പിതാവായ ദൈവമേ, കാര്യങ്ങൾ വിവേചിച്ചറിയാൻ എന്നെ സഹായിക്കണമേ. ആമ്മേൻ.**

## സെപ്റ്റംബർ 23, 2004
## ഈശോ

പ്രിയ കുഞ്ഞുങ്ങളെ, ഈ ചെറിയ വാല്യം എന്റെ സ്നേഹത്തിന്റെയും മോചനത്തിന്റേതുമായ സന്ദേശങ്ങൾ പ്രചരിപ്പിക്കുവാൻ ആഗ്രഹിക്കുന്നവർക്കായി ഞാൻ സമർപ്പിക്കുന്നു. പ്രിയപ്പെട്ട ആത്മാക്കളെ, വളരെ ധീരതയോടെ ദൈവരാജ്യത്തെ സേവിക്കുന്നവരേ, നിങ്ങളുടെ പ്രതിഫലം വലുതാണ്. നിങ്ങളിൽ പലരും തിന്മയിൽ നിന്നും അന്ധകാരത്തിൽ നിന്നും സ്വയം പിടിച്ചുമാറ്റി വെളിച്ചത്തിലേക്ക് വന്നവരാണ്. എന്റെ ഒരേ ഒരു കുട്ടി എന്ന പോലെയാണ് ഞാൻ നിങ്ങളുടെ തിരിച്ചുവരവ് സ്വാഗതം ചെയ്തത്. നിങ്ങൾ എന്നിലേക്ക് തിരിച്ചുവന്നപ്പോൾ നിങ്ങൾക്ക് വേണ്ടി മാറ്റിവച്ചിരുന്ന എന്റെ ഹൃദയത്തിലെ സ്ഥലം പൂർണ്ണമായതായി എനിക്ക് തോന്നി. സത്യമായും, പൂർണ്ണമായും ഞാൻ നിങ്ങളെ സ്നേഹിക്കുന്നു.

ഇനി നമുക്ക് മറ്റുള്ളവരെ തേടി കണ്ടെത്താം. അവരെ നിങ്ങൾ എല്ലായിടത്തും കണ്ടുമുട്ടുന്നതുകൊണ്ടാണ് നിങ്ങൾ എല്ലായിടത്തും സേവിക്കുന്നത്. എന്നിൽ നിന്നും നിത്യമായി അകലത്തിലുള്ള ആത്മാക്കൾ ലോകത്തിന്റെ എല്ലാ തുറകളിലുമുണ്ട്. ചിലർ ദരിദ്രരും, ചിലർ സമ്പന്നരുമാണ്. ചിലർ അവജ്ഞയോടെ നോക്കപ്പെടുന്നവരും, മറ്റുചിലർ വളരെ ബഹുമതിക്കപ്പെടുന്ന ആളുകളുമാണ്. ചിലർ നന്മ അവകാശപ്പെടുന്നവരും, മറ്റു ചിലർ ശത്രുവുമായുള്ള തങ്ങളുടെ അടുപ്പം മറച്ചുവയ്ക്കാത്തവരും. എന്നിരുന്നാലും, എല്ലാവരെയും എനിക്ക് ആവശ്യമാണ്. ഈ വാല്യത്തിൽ, എങ്ങനെ നമുക്ക് സ്വന്തമായുള്ളത് – നമ്മുടെ സഹോദരന്മാരുടെയും സഹോദരിമാരുടെയും ആത്മാവിനെ – എങ്ങനെ തിരിച്ചെടുക്കാം എന്ന് നിങ്ങളെ പഠിപ്പിക്കാൻ ഞാൻ ആഗ്ര

ഹിക്കുന്നു. മറ്റുള്ളവരെ സ്വർഗ്ഗത്തിലേക്ക് കൊണ്ടുവരുന്നതിന്റെ ഒന്നാമത്തെ തന്ത്രം സേവനം ചെയ്യുമ്പോൾ സന്തോഷത്തിന്റെ മാതൃക കാട്ടുക എന്നതാണ്. അതെ, നിങ്ങളിൽ പലരും എനിക്ക് വേണ്ടി സഹിക്കുവാൻ ആവശ്യപ്പെട്ടവരാണ്, അതിന് ഞാൻ നിങ്ങൾക്ക് നന്ദി പറയുന്നു. നിങ്ങൾ സഹിക്കുമ്പോൾ, എപ്പോഴും നിങ്ങളുടെ ദുഃഖവും വേദനയും എന്റെ ദുഃഖത്തോടും വേദനയോടും ചേർത്ത് വയ്ക്കുവാൻ ഓർക്കുക. നിങ്ങൾ പറയണം, ഞാൻ സഹിക്കുന്നത് എന്റെ ഈശോ സഹിക്കുന്നത് കൊണ്ടാണ്. അത് അങ്ങനെ തന്നെ ആയിരിക്കട്ടെ. നിങ്ങളുടെ അനുവാദം ഞാൻ അംഗീകരിക്കുകയും ആവശ്യമായ വീണ്ടെടുപ്പിന്റെ അനുഗ്രഹങ്ങൾക്കായി ശക്തമായി ഉപയോഗിക്കുകയും ചെയ്യും. നിങ്ങൾ എന്നോട് സഹകരിക്കുകയും നിങ്ങൾക്ക് എന്നോടുള്ള സഹകരണം ആത്മാക്കളെ രക്ഷിക്കുവാനായി എന്നെ സഹായിക്കുകയും ചെയ്യുന്നു. ഇത് സത്യമായതിനാൽ ഇതെപ്പറ്റി ധ്യാനിക്കുവിൻ. നിങ്ങളുടെ ഏറ്റവും ചെറിയ സഹനം പോലും അനേകം ആത്മാക്കളെ അന്ധകാരത്തിൽ നിന്നും രക്ഷിക്കുന്നതായി തുലനം ചെയ്യുവാനായി നിങ്ങൾ ആരംഭിക്കണം. കുഞ്ഞുങ്ങളെ, നിങ്ങളുടെ ലൗകികമായ വീക്ഷണത്താൽ നിങ്ങൾ പരിമിതരാക്കപ്പെട്ടിരിക്കുകയാണ് എന്ന് എനിക്കറിയാം. ഞാൻ അത് മനസ്സിലാക്കുന്നു. പക്ഷേ, അർപ്പണബോധത്തോടെ വിശ്വസിക്കേണ്ട സമയമാണിത്. നിങ്ങൾ എനിക്കുവേണ്ടി ഒരു തീരുമാനമെടുക്കുകയാണെങ്കിൽ, ഏതൊരു ദിവസത്തെയും നിങ്ങളുടെ വികാരങ്ങൾക്കപ്പുറമായി നിങ്ങൾ സേവനം ചെയ്യുമെന്ന് നമ്മൾ – ഞാനും നീയും – സമ്മതിച്ചു. നിങ്ങളുടെ ചെറിയ സഹനങ്ങൾ നിരന്തരമായി എനിക്ക് സമർപ്പിക്കുന്നതിലൂടെ നിങ്ങൾക്ക് ഒരു തരത്തിൽ എന്നെ സേവിക്കാം. ഒരിക്കൽ കൂടി ഞാൻ നിങ്ങളോട് പറയുന്നു, സഹനം ആത്മാക്കളെ രക്ഷിക്കുന്നു. ഈ

സ ഹനങ്ങളിൽ സമാധാനമുള്ളവരായി, എന്റെ കുരിശോട് ചേർത്തു വച്ചുകൊണ്ട് സേവനത്തിൽ സന്തോഷത്തിന്റെ മാതൃക  കാണിക്കുവിൻ. ആത്മാക്കളെ അന്ധകാരത്തിൽ നിന്നും നാം വലിച്ചെടുക്കുന്ന ആദ്യത്തെ മാർഗ്ഗമാണിത്.

# സെപ്റ്റംബർ 24, 2004
# ഈശോ

എന്റെ കൂട്ടുകാരെ ഞാൻ ഒരിക്കലും ഒഴിവാക്കുകയില്ല എന്നത് സത്യമാണ്. നീ എന്റെ കൂട്ടുകാരനാണെങ്കിൽ, നീ സഹനം എന്താണ് എന്നറിയും. നിന്റെ സഹനത്തിലൂടെ നീ എന്നെ അറിയും. ഞാൻ നിങ്ങളെ പലപ്പോഴും ദുഃഖത്തിലായിരിക്കും സന്ദർശിക്കുക. കഷ്ടപ്പാടുകളിലും, ബുദ്ധിമുട്ടിക്കുന്ന സാഹചര്യങ്ങളിലുമായിരിക്കാം ഞാൻ നിങ്ങളെ സന്ദർശിക്കുന്നത്. ചിലപ്പോൾ രോഗത്തിലോ വൈകാരിക ബുദ്ധിമുട്ടിലോ ആയിരിക്കാം നിങ്ങൾ എന്നെ അറിയുന്നത്. നിങ്ങൾ എന്റെ സുഹൃത്താണെങ്കിൽ, നിങ്ങൾ സഹനം അറിഞ്ഞിരിക്കും. അപ്പോൾ ഞാൻ എന്തിനാണ് ഇത് ചെയ്യുന്നത്? ഞാൻ സത്യത്തിൽ എല്ലാ ശക്തിയുമുള്ള ദൈവമാണെങ്കിൽ, അക്ഷരാർത്ഥത്തിൽ കാറ്റിനെ, ഞാൻ വിചാരിച്ചാൽ പിടിച്ചടക്കാമെങ്കിൽ എന്തുകൊണ്ടാണ് എന്റെ പ്രിയ സേവകർക്ക് വേദനയും സഹനവും അനുവദിക്കുന്നത്? എന്റെ പ്രിയപ്പെട്ട കുഞ്ഞ് അടിമകളെ, ഞാൻ രാജാവാണ്, പക്ഷേ എന്റെ രാജ്യം ഈ ലോകത്തിന്റേതല്ല. ഈ ലോകം എന്റെ സ്വന്തമാണ്, നിങ്ങളുടെ ഭാവിയിൽ ഇതിന്റെ പൂർണ്ണമായ നിയന്ത്രണം എന്നിലാണെന്ന് നിങ്ങൾ കാണുകയും ചെയ്യും. പക്ഷേ, ക്രിസ്തുവിന്റെ ദിവ്യത്വത്തെക്കുറിച്ച് ഒരു പുസ്തകം, ഒരു ശിശുവിന്റെ കൈയിൽ നിങ്ങൾ കൊടുക്കുകയില്ല. അത് ആ ശിശുവിന് അർത്ഥശൂന്യമായ ഒന്നാണ്. ആദ്യം ആ ശിശുവിനെ നിങ്ങൾ വായിക്കാൻ പഠിപ്പിക്കണം. അതിന് മുമ്പായി, ശിശുവിന് പോഷകാഹാരവും വളരെയധികമായി സ്നേഹവും കൊടുത്ത് പരിപാലിക്കണം. അപ്പോൾ മാത്രമേ, ശിശു ഈ പഠനരീതിയോട് സഹകരിക്കുവാനായി മനസ്സ് ചായ്ച്ച് വായിക്കുവാനായി പ

റിക്കുകയുള്ളൂ.

എന്റെ രാജ്യത്തിലെ ഒരു പ്രജ ക്രിസ്തുവിന്റെ ദൈവത്വത്തെക്കുറിച്ച് പഠിക്കുന്നതിന് മുൻപ് വളരെയധികം കാര്യങ്ങൾ സംഭവിക്കേണ്ടിയിരിക്കുന്നു. ഞാൻ നിങ്ങൾക്ക് മറ്റൊരു ഉദാഹരണം നൽകാം. ശിശു അവൻ നടക്കുവാനായി പഠിക്കുമ്പോൾ, പലപ്പോഴും തന്റെ അമ്മയെ നോക്കി പറയും. എന്നെ എടുക്കുവിൻ, പലപ്പോഴും ആ അമ്മ പറയുന്നത് നിങ്ങൾക്ക് കേൾക്കാം. "ഇല്ല, എന്റെ കുഞ്ഞേ, നീ നടക്കുന്നതാണ് ഞാൻ കൂടുതൽ ഇഷ്ടപ്പെടുന്നത്", അമ്മയ്ക്ക് കുഞ്ഞിനെ തന്റെ കൈകളിൽ എടുക്കുവാൻ സാധിക്കുകയില്ലേ? തീർച്ചയായും അവൾക്ക് സാധിക്കും. തന്റെ കുട്ടിയെ നടക്കാൻ അനുവദിക്കുന്നതിലൂടെ ഒരമ്മയ്ക്ക് എന്ത് കാരണമാണ് പറയാനുള്ളത്. സാധാരണയായി വിവേകമുള്ള ഒരമ്മ തന്റെ കുട്ടി നന്നായി നടക്കാൻ ആഗ്രഹിക്കുകയും പിന്നീട് ഓടുകയും ചെയ്യുന്നതല്ലേ സംഭവിക്കുന്നത്. അങ്ങനെ ചെയ്യുവാൻ, തന്റെ കുഞ്ഞിന് അതിന്റെ മാംസപേശികൾക്ക് പരിശീലനം നേടിയാലേ, ഈ പ്രവൃത്തികൾ പൂർത്തിയാക്കാൻ സാധിക്കൂ എന്ന് ഈ അമ്മ മനസ്സിലാക്കുന്നു. ഞാനും ആ വിവേകമുള്ള അമ്മയെപ്പോലെയാണ്. എന്റെ സുഹൃത്തുക്കൾക്ക് ദൈവത്വത്തെക്കുറിച്ചും ദൈവത്തിന്റെ ജീവിതം അതിന്റെ പൂർണ്ണതയിലും അനുഭവിക്കുന്നതിന് തങ്ങളുടെ ആത്മീയ പേശികൾ പരിശീലിക്കാനായി പഠിക്കണമെന്ന് ഞാൻ മനസ്സിലാക്കുന്നു. എത്രയധികമായി നിങ്ങൾ അത് ചെയ്യുന്നോ, അത്രയധികമായി സ്വർഗ്ഗം നിങ്ങൾ അനുഭവിക്കും. നിങ്ങൾ പരസ്പരം മത്സരിക്കുകയല്ല, നിങ്ങൾ എന്നെ സ്നേഹിക്കാൻ പഠിക്കുകയാണ്. നിങ്ങൾ ഓരോരുത്തരും വ്യത്യസ്തമായി എന്നെ സ്നേഹിക്കുവാനായി സൃഷ്ടിക്കപ്പെട്ടവരാണ്. ആ പാഠങ്ങൾ ഓരോ ദിവസവും നിങ്ങളുടെ പരീക്ഷണങ്ങളിലും വെല്ലുവിളികളിലും പഠിക്കും. വിവേകമുള്ള

അമ്മയെപ്പോലെ, ഉറപ്പില്ലാത്തപ്പോൾ സ്വയം പിച്ചവച്ചു നടക്കുവാനായി ഞാൻ നിങ്ങളെ വിടുകയില്ല. ഞാൻ നിങ്ങളെ ഒരിക്കലും വിട്ടുപോവുകയില്ല. പക്ഷേ നിങ്ങൾ പഠിക്കണം. പ്രിയ കുഞ്ഞ് ആത്മാക്കളെ, ഒരിക്കലും നിങ്ങളുടെ സഹനങ്ങളെ, നിങ്ങൾക്ക് ഒരിക്കലും അതിന്റെ വിലയെക്കുറിച്ച് ചിന്തിക്കുവാൻ സാധിക്കുകയില്ല.

## സെപ്റ്റംബർ 25, 2006
## ഈശോ

എന്നെ സേവിക്കുന്ന ചെറിയ ആത്മാക്കൾക്ക് തങ്ങളുടെ ശരീരത്തിൽ ക്ഷീണം അനുഭവപ്പെടുന്നു. നിങ്ങളുടെ ശരീരം പലപ്പോഴും നിങ്ങളോട് വിശ്രമിക്കാൻ ആവശ്യപ്പെടും. എങ്കിലും കൂടുതലായി എന്റെ ജോലിയുണ്ടെന്ന് നിങ്ങൾ കാണുന്നു. സഹോദരീ സഹോദരന്മാരേ, ലോകത്തിന്റെ മുന്തിരിത്തോട്ടങ്ങളിൽ നിങ്ങൾ കൊയ്ത്തിന്റെ വിളവെടുക്കുന്നത് ഒരേ ഗതിയിലാണ്. നിങ്ങൾ ധൃതിപ്പെടുന്നതായി തോന്നുന്നെങ്കിൽ എന്തോ ക്രമം തെറ്റിപ്പോകുന്നുവെന്ന് നിങ്ങൾ ഓർക്കുവിൻ. ഒരു പ്രത്യേക ജോലി തീർക്കുവാനായി വല്ലപ്പോഴും നിങ്ങൾക്ക് സമ്മർദ്ദം ലഭിക്കാമെങ്കിലും സാധാരണ പറയുകയാണെങ്കിൽ, നിങ്ങൾ ഒരേപോലെ നിരന്തരമായ പ്രയത്നം എന്റെ സേവനത്തിൽ നൽകേണ്ടതാണ്. ലോകത്തിലെ ആത്മാക്കളെപ്പോലെ പൊട്ടിത്തെറിക്കുന്ന ഒരു സേവനം പ്രകടിപ്പിച്ച്, പിന്നീട് എന്നിൽ നിന്നും അകന്നുപോകുന്നവരെപ്പോലെ ആവരുത് നിങ്ങൾ. ഇത് ഒരിക്കലും സഹായമാകുന്നില്ല. സ്വർഗ്ഗം ഏറ്റവും ശക്തമായി സ്ഥിരതയുള്ളവരിലാണ് വിശ്വാസം അർപ്പിച്ചിരിക്കുന്നത്. അതുകൊണ്ട് നിങ്ങളുടെ ശരീരത്തെ നിങ്ങൾ ലാളിക്കുകയോ അതിനെ ദൈവത്തെപ്പോലെ സംരക്ഷിക്കുകയോ ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നില്ലെങ്കിലും നിങ്ങൾ അതിന്റെ ആവശ്യങ്ങളോട് ബഹുമാനമുള്ളവരായിരിക്കണം. കാരണം അത് നിങ്ങളുടെ ആത്മാവിനെ താമസിപ്പിക്കുകയും അതിലൂടെ ഞാൻ ഏറ്റവും അത്ഭുതകരമായ കാര്യങ്ങൾ നേടുകയും ചെയ്യുന്നു. നിങ്ങൾ ഒരു അപരിചിതന് ചെവികൊടുത്തുകൊണ്ട് അയാൾക്ക് സാന്ത്വനം നൽകുകയോ സ്വർഗ്ഗത്തിന് സാക്ഷിയാകുകയോ ചെയ്യുന്ന

സാഹചര്യത്തിൽ ആകുകയാണെങ്കിൽ ഞാൻ അവിടെ ജോലിയിലാണെന്ന് നിങ്ങൾ മനസ്സിലാക്കുവിൻ. നിങ്ങളുടെ സഹകരണമില്ലാതെ, നിങ്ങളുടെ ശരീരമില്ലാതെ ആ ആത്മാവ് എന്നെ കാണണ്ട രീതിയിൽ ആയിരിക്കാൻ എനിക്ക് സാധിക്കുകയില്ല. നിങ്ങളിലൂടെ ശാരീരികമായി ഞാൻ അവിടെ സന്നിഹിതനാകുന്നു. നിങ്ങളുടെ ശരീരത്തെ സംരക്ഷിക്കുവിൻ.. ഒരിക്കലും അതിനെ വിഗ്രഹാരാധന ചെയ്യരുത്.

## സെപ്റ്റംബർ 27, 2004
## ഈശോ

തങ്ങളുടെ തന്നിഷ്ടത്തെ തരണം ചെയ്യുവാൻ എന്റെ സേവകർ പലപ്പോഴും ബുദ്ധിമുട്ടുന്നുണ്ട് സഹോദരീ സഹോദരന്മാരേ. സ്വയേഷ്ടം ഒരിക്കലും എന്നിലേക്ക് നയിക്കുന്നില്ല. ദുശ്ശാഠ്യം എന്നിൽ നിന്നും നിങ്ങളെ അകറ്റുകയേ ഉള്ളു. ആ ആശയം വളരെ ലളിതമാണ്. ആത്മാക്കൾ പറയുന്നത് നിങ്ങൾ കേൾക്കും, എന്താണ് അവിടുത്തെ ഹിതം? അവിടുത്തെ ഹിതം എന്തെന്ന് അറിയാൻ എന്നെ സഹായിക്കുവിൻ. സത്യമായും എന്നോട് ചോദിച്ചാൻ ഞാൻ ഉത്തരം നൽകും. വളരെ ദൃഢതയോടെ സേവനത്തിലേക്ക് ഇപ്പോൾ നിങ്ങളെ വിളിക്കുന്ന നിങ്ങളുടെ ഈശോ നിങ്ങളെ സന്ദേഹത്തിൽ വിടുകയില്ല. നിശബ്ദതയിൽ ധ്യാനിച്ചുകൊണ്ടാണ് എന്റെ ഹിതം നിങ്ങൾ ആരായുന്നതെന്ന് ഉറപ്പ് വരുത്തുവിൻ. ചില സമയങ്ങളിൽ ആത്മാക്കൾ എന്റെ ഹിതം അറിയുന്നുണ്ടെങ്കിലും അവർക്ക് അത് അരോചകമായി തോന്നാം. എന്റെ ഹിതത്തോട് പലപ്പോഴും അനുബന്ധിച്ചു വരുന്ന ആത്മാർപ്പണത്തോട് നിങ്ങൾക്കുണ്ടാകുന്ന വിരക്തി ഞാൻ മനസ്സിലാക്കുന്നുവെന്ന് നിങ്ങൾ അറിയുവിൻ. പക്ഷേ, ഏറ്റവും ശക്തനായ ദൈവത്തിന്റെ മക്കളെ, നിങ്ങളുടെ ഹിതത്തിന്റെ സമർപ്പണം വളരെ പെട്ടെന്ന് നിങ്ങളെ ഒരു വിശുദ്ധനാക്കും. എന്റെ ശരീരത്തിൽ വലിയ പീഡനവും വേദനയും സഹിക്കുവാൻ ഞാൻ ആഗ്രഹിച്ചില്ല. കുരിശിനെക്കുറിച്ച് ഞാൻ ധ്യാനിച്ചപ്പോൾ ഞാൻ പേടിച്ചുവിറച്ചു എന്ന് പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കുവിൻ. എങ്കിലും, കുരിശ്, പിതാവിന് എന്നെക്കുറിച്ചുള്ള ഹിതമായിരുന്നു അത് അങ്ങനെ തന്നെ ആവട്ടെ. എന്റെ കുരിശ് ഞാൻ എളിമയിലും അനുസരണയിലും എന്റെ

തോളിലേറ്റി. അങ്ങനെ കുരിശിലൂടെ ഞാൻ നിങ്ങളെ രക്ഷിച്ചു. നിങ്ങൾ ഈ സമർപ്പണത്തിന് യോഗ്യരാണ്. അത് താല്കാലികമായിരുന്നു. നിങ്ങളോട് ചെയ്യാൻ ആവശ്യപ്പെട്ട ത്യാഗങ്ങളും താത്കാലികമാണ്. നിത്യതയ്ക്ക് വേണ്ടി എന്തും ഉപേക്ഷിക്കാൻ നിങ്ങളോട് ആവശ്യപ്പെട്ടിട്ടില്ല, ആവശ്യപ്പെടുകയുമില്ല. നിങ്ങളുടെ ത്യാഗത്തിന്റെയും സേവനത്തിന്റെയും സുന്ദരസുകൃതങ്ങളാൽ ആസ്പദമാക്കിയ നിങ്ങളുടെ നിത്യത, സന്തോഷങ്ങളാലും പ്രതിഫലങ്ങളാലും നിറഞ്ഞതായിരിക്കും. അതുകൊണ്ട് നിങ്ങളും എന്നെപ്പോലെ ഈ കുരിശോ മറ്റൊരു കുരിശോ എടുക്കാൻ ആവശ്യപ്പെടുകയും ഈ ത്യാഗമോ, മറ്റൊരു ത്യാഗമോ കുറച്ച് സമയത്തേക്ക് ചെയ്യുവാനായി പറയുമ്പോൾ എനിക്ക് നിങ്ങളുടെ അനുസരണത്തിലും, സഹകരണത്തിലും കൂടെ മറ്റ് ആത്മാക്കളെ സ്വർഗ്ഗത്തിലേക്ക് കൊണ്ടു വരുവാൻ സാധിക്കും.

ഓരോ ആത്മാവും എനിക്ക് എത്രമാത്രം പ്രാധാന്യമുള്ളതാണെന്ന് കാണുക. ഞാൻ ഈശോ, എന്റെ മനുഷ്യത്വത്തിന്റെ രൂപത്തിലാണെന്ന് ചിന്തിക്കുക. തോട്ടത്തിൽ ഞാൻ തീവ്രമായ വേദന സഹിച്ചപ്പോൾ എല്ലാത്തരം പ്രലോഭനങ്ങളാലും ഞാൻ പീഢിപ്പിക്കപ്പെട്ടു. ശത്രു ഒരാത്മാവ് ഒഴിച്ച് ഭൂമിയിലുള്ള സകല ആത്മാക്കളെയും എനിക്ക് വാഗ്ദാനം ചെയ്തു എന്ന് നമുക്ക് പറയാം. ഈ ഒരേയൊരു ആത്മാവിനെ രക്ഷിക്കുന്നതിൽ നിന്നും മാറി നിൽക്കുകയായിരുന്നെങ്കിൽ, എനിക്ക് കുരിശിൽ നിന്നും രക്ഷപെടാമായിരുന്നു. ഈ ഒരേ ഒരു ആത്മാവ് എന്നെ തള്ളിപ്പറയുകയും എന്തു വന്നാലും നഷ്ടപ്പെടുകയും ചെയ്യും എന്നത് കൂടിച്ചേർത്ത് പരിഗണിച്ചാൽ ഞാൻ പ്രലോഭിതനാകുമോ? നിങ്ങളോ?

ഇനി ഈ ഒരു ആത്മാവ് നിങ്ങളുടേതാണെന്ന് ചിന്തിക്കുക. ഞാൻ എന്ത് പറയുമെന്നാണ് നിങ്ങൾ ചിന്തിക്കുക?

എന്റെ സ്നേഹഭാജനമേ, ഞാൻ നിങ്ങൾക്ക് ഉറപ്പ് തരുന്നു, ഞാൻ ഇല്ല എന്നാണ് പറഞ്ഞത്. എന്റെ ചെറിയ ജോലിക്കാരേ, എന്നിൽ നിന്നും മാറി നിൽക്കരുതേ. ദൈവഹിതത്തിൽ നിന്നും മാറി നിൽക്കരുതേ. നിങ്ങളുടെ കുടുംബത്തിന് നിങ്ങളെ വേണം, എനിക്കും നിങ്ങളെ വേണം.

## സെപ്റ്റംബർ 28, 2004
## ഈശോ

ദൈവരാജ്യത്തിലെ പ്രിയ ആത്മാക്കളെ, നിങ്ങൾ സേവനത്തിനായി വിളിക്കപ്പെട്ടവരാണെന്ന് നിങ്ങൾക്കറിയാം. നിങ്ങൾ എന്റെ വിളി കേൾക്കുകയും എന്റെ തീവ്രവേദനയിൽ ആശ്വാസം നൽകുകയും ചെയ്തു. നിങ്ങളുടെ കർത്തവ്യത്തെക്കുറിച്ച് സംസാരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ചിലപ്പോൾ നിങ്ങൾ എന്റെ വിളി കേൾക്കുകയും ഞാൻ നിങ്ങളിൽ നിന്ന് ആവശ്യപ്പെടുന്നതിനോട് എതിർപ്പ് പ്രകടിപ്പിക്കുകയും ചെയ്തേക്കാം. ഈ ദൗത്യത്തിൽ നിങ്ങൾ കൃത്യമായി എന്താണോ പുൽകേണ്ടത്, അത് മാത്രമേ നിങ്ങൾക്ക് നൽകുകയുള്ളു എന്ന് ഞാൻ നിങ്ങളോട് വാഗ്ദാനം ചെയ്യുന്നു. നിങ്ങൾ ഓരോരുത്തരിലും കൂടെ ഞാൻ ഈ ലോകത്ത് സഞ്ചരിക്കുമ്പോൾ എന്റെ ചാരത്ത് നിൽക്കുവിൻ. നിങ്ങൾ ഭയപ്പെടേണ്ട. ആത്മാക്കൾ നിങ്ങളെ തങ്ങളുടെ ശാരീരിക കണ്ണുകൾകൊണ്ട് കാണുമെങ്കിലും അവർ എന്നെ അനുഭവിക്കും. നിങ്ങളുടെ ഭയത്തിനോ, നിങ്ങളുടെ ആശങ്കകൾക്കോ എങ്ങനെ നിങ്ങൾ എനിക്ക് വേണ്ടി വേല ചെയ്യും എന്നതുമായി ബന്ധമില്ല. നിങ്ങളുടെ കർത്തവ്യം പൂർത്തിയാക്കുന്നതിനുള്ള നിങ്ങളുടെ കഴിവിനെക്കുറിച്ച് വിഷമിക്കേണ്ട. നിങ്ങൾക്ക് ശക്തി ഇല്ലാത്തതിനെക്കുറിച്ചോർത്തും വിഷമിക്കേണ്ട. അത് എന്നിൽ നിന്നും വരും. അത് എന്നിൽ നിന്ന് ആഴത്തിലും പൂർണ്ണമായും ഒഴുകും. സേവിക്കാനുള്ള സമ്മതം മാത്രമാണ് നിങ്ങളിൽ നിന്നും ആവശ്യമായിട്ടുള്ളത്.

## സെപ്റ്റംബർ 29, 2004
## ഈശോ

എന്റെ പ്രിയപ്പെട്ട സേവനം ചെയ്യുന്ന കുഞ്ഞ് ആത്മാക്കളെ, എത്രയധികമായി ഞാൻ നിങ്ങളെ സ്നേഹിക്കുന്നു. നിങ്ങൾ വളരെ ശുഷ്കാന്തിയോടെ സേവിക്കുകയും നിങ്ങളുടെ ഈശോ എത്രമാത്രം നന്ദിയുള്ളവനാണെന്ന് മനസ്സിലാകാതിരിക്കുകയും ചെയ്യുന്നു. നിങ്ങളുടെ മനുഷ്യത്വത്തിൽ തന്നെ എന്റെ നന്ദി നിങ്ങളിലേക്ക് ഒഴുകുന്നത് നിങ്ങൾക്ക് അനുഭവിക്കാൻ സാധിക്കും. പക്ഷേ, അത് സംഭവിക്കുകയാണെങ്കിൽ, നിങ്ങളുടെ സേവനത്തിന്റെ യോഗ്യതകൾ കുറഞ്ഞ് പോകും. അതുകൊണ്ട് ഞാൻ അത് എന്നിൽതന്നെ വച്ചുകൊണ്ട് സ്വർഗ്ഗത്തിലെ ഏറ്റവും പ്രധാനപ്പെട്ട സ്ഥലത്ത്, നിങ്ങൾക്കൊരു സ്ഥലം സൂക്ഷിച്ചിട്ടുണ്ട്. നിങ്ങൾ ഇവിടെ വരുമ്പോൾ അത് നിങ്ങളെ കാത്ത് ഇവിടെ ഉണ്ടായിരിക്കും. നിങ്ങളുടെ എല്ലാ സഹനങ്ങളും നിങ്ങളുടെ ആത്മാവിന് യോഗ്യത ഉണ്ടാക്കുകയും മറ്റുള്ളവർക്ക് മോക്ഷം നേടിക്കൊടുക്കുകയും ചെയ്യും. നിങ്ങളുടെ കുരിശ് എത്രമാത്രം അരോചകമാകുന്നോ, അത്രമാത്രം യോഗ്യതയും രക്ഷയും ലഭിക്കും. നിങ്ങൾ എന്നെ കാണുന്നില്ല, പക്ഷെ എന്നിൽ വിശ്വസിക്കുന്നു. ഈ വാക്കുകൾ ഞാൻ നിങ്ങളോടല്ല സംസാരിക്കുന്നത്, പക്ഷെ ഇത് എന്റെ വാക്കുകളാണെന്ന് നിങ്ങൾക്ക് അറിയാം. കുഞ്ഞുങ്ങളെ, ഞാൻ നിശബ്ദമായി നിങ്ങളുടെ സുന്ദരമായ ആത്മാക്കളിൽ ദിവസത്തിലുടനീളവും, രാത്രിയിലുടനീളവും പ്രവർത്തിക്കുകയാണ്. എന്റെ സാന്നിദ്ധ്യത്തിൽ നന്ദിയുണ്ട്. നിങ്ങളുടെ സമാധാനത്തിൽ നന്ദിയുണ്ട്. നിങ്ങളുടെ ആത്മാവിന്റെ ശാന്തതയിൽ നന്ദിയുണ്ട്. ഞാനില്ലാതെ അലയുന്ന ആത്മാക്കളെപ്പോലെ നിങ്ങൾ അസ്വസ്ഥരും അസന്തുഷ്ടരുമല്ല.

ആവശ്യമില്ലാത്ത ഭയം വച്ചു പുലർത്താതിരിക്കാൻ നിങ്ങൾ പഠിക്കുകയാണ്. നിങ്ങൾ എന്നെ അനുവദിക്കുകയാണെങ്കിൽ നിങ്ങളിൽ നിന്ന് എല്ലാ ഭയവും ഞാൻ തുടച്ചുമായ്ക്കും. ഞാൻ നിങ്ങളുടെ താത്പര്യങ്ങളെ മാനിക്കുന്നു. നിങ്ങളുടെ കുടുംബങ്ങളെ ശ്രദ്ധിക്കുന്നു. നിങ്ങൾ എന്റെ ശിഷ്യന്മാരാണ്, എന്റെ അപ്പസ്തോലന്മാർ. ഞാൻ എന്റെ ആദ്യത്തെ പന്ത്രണ്ട് പേരെ സ്നേഹത്തോടെ ശ്രദ്ധിച്ചു. അതുപോലെ സ്നേഹത്തോടെ നിങ്ങളോരോരുത്തരെയും ഞാൻ ശ്രദ്ധിക്കുന്നു. ഞാൻ നിശബ്ദനായിരിക്കുന്നത് കൊണ്ട് നിങ്ങളുടെ ഈശോ നന്ദിയില്ലാത്തവനാണെന്ന് ചിന്തിക്കരുത്. നിങ്ങളുടെ ഏറ്റവും ചെറിയ പ്രവൃത്തിക്കും, ഏറ്റവും വലിയ കുരിശുകൾക്കും ഞാൻ നിങ്ങളോട് നന്ദിപറയുന്നു. കുഞ്ഞു പടയാളികളെ, നിങ്ങൾക്ക് ഒരു ശോഭയേറിയ നിത്യത ഉണ്ടായിരിക്കും. ഇത് വിശ്വസിക്കുവിൻ. കാരണം ഇത് സത്യമാണ്.

## സെപ്റ്റംബർ 30, 2004
## ഈശോ

ഇപ്പോൾ മുതൽ ഞാൻ നിങ്ങളെ എന്റെ അപ്പസ്തോലന്മാരായി കാണും. എന്റെ ആദിമ ശിഷ്യന്മാരെ ഭൂമിയിലെ എന്റെ മനോഹരമായ സഭ തുടങ്ങുവാൻ ഞാൻ ഒരുക്കിയതുപോലെ എന്റെ സുന്ദരമായ സഭയെ വീണ്ടെടുക്കുവാനായി ഇപ്പോൾ ഞാൻ ഭരമേൽപ്പിക്കുന്നു. എന്റെ സഭയെക്കുറിച്ച്. ഞാൻ സംസാരിക്കുമ്പോൾ സഭയുടെ ശരീരത്തെക്കുറിച്ചാണ് ഞാൻ സംസാരിക്കുന്നത്. അതിൽ ഉൾപ്പെട്ടിരിക്കുന്ന ആളുകളെക്കുറിച്ച് നിങ്ങൾ അവരെ ദൈവത്തിന്റെ സുരക്ഷിതത്വമായ കുടുംബത്തിലേക്ക് തിരിച്ച് വിളിക്കണം. ആദ്യത്തെ സമൂഹത്തെ അയച്ചതുപോലെ ഞാൻ നിങ്ങളെ അയയ്ക്കുന്നു. നിങ്ങൾ എന്നെക്കുറിച്ച് തടസ്സമില്ലാതെ സംസാരിക്കണം. ഇപ്പോൾ ഒരു ആത്മാവ് എന്നെ എതിർക്കുകയാണെങ്കിൽ ആ ആത്മാവിനോട് ഒരു വിദ്വേഷവും വച്ചു പുലർത്തരുത്. വെറുതെ അയാൾക്ക് വേണ്ടി പ്രാർത്ഥിച്ചുകൊണ്ട് മുൻപോട്ടുപോയി, അടുത്ത ആളെ തേടുക. പലപ്പോഴും നിങ്ങൾ വിത്തുകൾ വിതയ്ക്കുന്ന വിതക്കാരനെപ്പോലെയാണ്. ഞാൻ തന്നെ വിളവുകൾ കൊയ്തെടുക്കണം. ഇത് നിങ്ങളെ ബാധിക്കേണ്ട ആവശ്യമില്ല. കാരണം ഈ സാഹചര്യത്തിൽ നിങ്ങൾ വിതച്ചത് കൊയ്തെടുക്കണമെന്ന് വാശിപിടിക്കുന്നത് ഔചിത്യമല്ല. ചിലപ്പോൾ ദൈവത്വത്തെ ജ്വലിപ്പിക്കുവാൻ ദൈവത്തിന്റെ ആവശ്യമുണ്ട്. പ്രിയ കുഞ്ഞ് അപ്പസ്തോലന്മാരേ, എന്റെ വാക്കുകൾ ഉപയോഗിക്കുവിൻ. എല്ലായിടത്തും അവ പ്രചരിപ്പിക്കുവിൻ. നിങ്ങളുടെ വാക്കുകൾ പരിമിതമാക്കിക്കൊണ്ട് ആ ആത്മാവിനെ അവകാശപ്പെടുവാൻ എന്നെ അനുവദിക്കുക. ഒരു വ്യക്തിയെ സ്നേഹിക്കുന്നതിലൂടെ

അയാളുടെ ആത്മാവിനെ നിങ്ങൾ മൃദുലമാക്കുന്നു. നിങ്ങളുടെ സ്നേഹവും നിങ്ങളുടെ മാതൃകയും വഴി ഒരു ആത്മാവിന്റെ മനസ്സ് ചായ്ക്കും. അങ്ങനെ എനിക്ക് ആവശ്യമായ തുറവി എനിക്ക് ലഭിക്കുകയും ചെയ്യും. ഈ ജോലിയിൽ എത്രമാത്രം സന്തോഷം ഉണ്ട്. ആത്മാക്കൾ രക്ഷിക്കപ്പെടുമ്പോൾ ഈ മോചന ദൗത്യം എത്ര തൃപ്തികരമാണ്. അവർ രക്ഷിക്കപ്പെടും. ഭയപ്പെടേണ്ട നിങ്ങൾ വിജയികളാകും, പക്ഷേ എനിക്ക് മാത്രമേ നിങ്ങളുടെ വിജയം അളക്കാൻ സാധിക്കൂ. നിങ്ങൾ ഇപ്പോൾ വിജയികളാണ്, അല്ലയോ? നിങ്ങൾ എന്റെ ഹിതമാണ് പിന്തുടരുന്നത്. നിങ്ങൾ ദൈവരാ ജ്യത്തിനുവേണ്ടിയാണ് വേല ചെയ്യുന്നത്. നിങ്ങളുടെ ലോകത്തിന് അറിയാവുന്നതിൽ വച്ച് ഏറ്റവും വലിയ കരുണയുടെ ജോലിയുമായി ലോകത്തിലേക്ക് പോകു വാൻ നിങ്ങൾ തയ്യാറെടുക്കുകയാണ്. കുഞ്ഞുങ്ങളെ, പ്രിയ അപ്പസ്തോലന്മാരേ, നിങ്ങൾ തമ്മിൽ വലിയ ഒരു രക്തബന്ധമുണ്ട്. പരസ്പരം സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. ഒരിക്കലും വിധിക്ക രുത്, പക്ഷെ നിങ്ങളുടെ സഹഅപ്പസ്തോലൻ തെറ്റി ലാണെങ്കിൽ നിങ്ങൾക്ക് ലഭിച്ച സ്വർഗ്ഗീയ ജ്ഞാനം ഒരിക്കലും പിടിച്ചുവയ്ക്കരുത്. ഞാനാണ് നിങ്ങളുടെ വഴികാട്ടി. നിങ്ങൾ ആരെയെങ്കിലും തിരുത്താൻ ആഗ്ര ഹിക്കുകയാണെങ്കിൽ എന്നോട് ചോദിക്കുക. എല്ലാം നന്നായിരിക്കുന്നു. നമുക്ക് തുടങ്ങാം.

## ഒക്ടോബർ 1, 2004
## ഈശോ

സ്വർഗ്ഗത്തിലേക്കുള്ള കുത്തനെയുള്ള കുന്ന് എന്റെ ചെറിയ അപ്പസ്തോലന്മാർ ഒരേപോലെ പിടിച്ചുകയറണം. ഇങ്ങനെ ചെയ്യുന്നതിലൂടെ, സ്ഥിരതയോടെ മുൻപോട്ട് പോകുന്നതിലൂടെ നിങ്ങൾ അനേകം ആത്മാക്കളെ നിങ്ങളുടെ പിന്നിൽ കൊണ്ടുവരുന്നു. ആ പാത വിട്ടുകൊണ്ട് നിങ്ങളുടെ ശ്രദ്ധ തിരിക്കുന്ന കാര്യത്തിലോ അല്ലെങ്കിൽ ആ ലൗകികമായ വാഗ്ദാനമോ പരിശോധിപ്പിക്കുവാനായി പോകുമ്പോൾ നിങ്ങൾക്ക് ആത്മാക്കളെ നഷ്ടപ്പെട്ടു. ഇത് സ്ഥിരമായ ഒരു സേവനത്തിന്റെ സമയമാണ്. നിങ്ങൾക്ക് അനുഭവമുണ്ട്, ആ നിങ്ങളുടെ അനുഭവം നിങ്ങളോട് പറയുന്നു. ദൈവത്തെ സേവിക്കുന്നത് മോഹിപ്പിക്കുന്ന ഒന്നല്ല. നേരെമറിച്ച്, എനിക്ക് സേവനം ചെയ്യുന്നത് ലോകത്തിന്റെ കുഞ്ഞുങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ പലപ്പോഴും കാഴ്ചയിൽ വിരസമായി തോന്നാം. മറ്റുള്ളവർ തങ്ങളെത്തന്നെ അതിശയിപ്പിക്കുമ്പോൾ എന്റെ സേവകർ ജോലി ചെയ്യുകയാണ് ചെയ്യുന്നത്. എന്റെ പ്രിയപ്പെട്ടവരേ, നിങ്ങൾ ഹൃദയം തകർന്നവരായിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല, അതുകൊണ്ട് ഈ സമയത്ത് എന്റെ അപ്പസ്തോലന്മാർക്ക് അനുഗ്രഹങ്ങൾ കൊടുത്തുകൊണ്ട് എന്നോടുള്ള സേവനത്തിൽ ഏറ്റവുമധികം സന്തോഷം നൽകുന്നു. മറ്റുള്ളവർ തങ്ങളുടെ കുടുംബത്തിലേക്ക് തിരിച്ച് വരണം എന്ന് നിങ്ങൾ ഓർക്കുക. അത് ചെയ്യുവാനായി, ദൈവത്തിന്റെ ആലയം സന്തോഷവും വസിക്കുവാൻ ആനന്ദവുമുള്ള സ്ഥലവുമായി നമുക്ക് അവരെ കാണിച്ചുകൊടുക്കണം. അതുകൊണ്ട് ഓരോ ദിവസവും ദൈവരാജ്യത്തിന് വേണ്ടി ചെയ്യുന്ന ഓരോ ചെറിയ ജോലിയും നിങ്ങൾ എന്റെ സന്തോഷം

അംഗീകരിച്ചു കൊണ്ടായിരിക്കണം ചെയ്യേണ്ടത്. നിങ്ങൾ ഹൃദയം തകർന്നവരായി തോന്നിത്തുടങ്ങു മ്പോൾ തന്നെ എന്റെ തിരുഹൃദയത്തിലോ, നമ്മുടെ അമ്മയുടെ വിമല ഹൃദയത്തിലോ, വേഗത്തിൽ വന്നു ചേരണം. നിങ്ങളുടെ ദുഃഖം മാറ്റി വീണ്ടും അതിൽ ഞങ്ങൾ സന്തോഷം നിറയ്ക്കും. അങ്ങനെ മറ്റുള്ളവർ നിങ്ങളിലേക്ക് അടുക്കും. നമ്മൾ സന്തോഷത്തിന്റെയും സമാധാനത്തിന്റെയും ഒരു കുടുംബമാണ്. നമ്മൾ ശാന്തരും ആത്മവിശ്വാസമുള്ളവരുമാണ്. ദൈവം നല്ലവ നാണെന്നും അവിടുന്ന് നമ്മുടെ പിതാവാണെന്നും നമ്മെ നശിക്കുവാനായി അവിടുന്ന് അനുവദിക്കുക യില്ലെന്നും നമ്മുക്ക് അറിയാം. പിന്നെ എന്തിനാണ് പ്രിയ അപ്പസ്തോലൻമാരേ, നാം വിഷമിക്കുന്നത്? നിങ്ങൾക്ക് ലൗകിക സ്വത്തുക്കൾ നഷ്ടപ്പെടുമ്പോൾ, നിങ്ങൾ സ്വർഗ്ഗത്തിലേക്ക് അവ അയച്ചുവെന്നും നിങ്ങൾ ഇവിടെ വരുമ്പോൾ അവ ശേഖരിക്കുമെന്നും മനസ്സിലാക്കുവിൻ. നിങ്ങൾ എനിക്ക് ഭൂമിയിൽ തരു ന്നതിനേക്കാൾ അധികമായി വിപുലമായ കാര്യങ്ങൾ നിങ്ങൾ സ്വർഗ്ഗത്തിൽ ശേഖരിക്കും. കാരണം ഞാൻ ഔദാര്യമുള്ളവനാണ്. അതുകൊണ്ട് ഒന്നും നിങ്ങളെ വേദനിപ്പിക്കരുത്. ഒന്നും.

## ഒക്ടോബർ 2, 2004
## ഈശോ

എന്റെ ചെറിയ സേവകർ തങ്ങളുടെ അമ്മയെ പിന്തുടരണം. മറിയം. നമ്മുടെ സുന്ദരിയായ അമ്മയ്ക്ക് ഏറ്റവും വലിയ ശക്തിയാണ് ഈ സമയത്ത് കൊടുത്തിരിക്കുന്നത്. ഇത് എന്റെ സമയമാണ്, പക്ഷേ, മറിയത്തിന്റെയും കൂടെ സമയമാണ്. പിതാവിന്റെ സിംഹാസനത്തിൽ നിന്നും നേരിട്ടാണ് അമ്മയ്ക്ക് ലഭിക്കുന്നത്. കുഞ്ഞുങ്ങളെ, നിങ്ങളുടെ ലോകത്തിലെ ഇന്നത്തെ വഴി തെറ്റിക്കുന്ന അനേകം ശക്തികളെക്കുറിച്ച് നിങ്ങൾ അസ്വസ്ഥരാകുമ്പോൾ, ഈ സാധാരണ ചോദ്യം ചോദിക്കുവിൻ. ഈ ആരോപിതമായ അവകാശങ്ങൾക്കുള്ള ശക്തി, തന്റെ ഒരേയൊരു മകനെ ലോകത്തിലേക്കയച്ച പിതാവായ ദൈവത്തിൽ നിന്നാണോ അത് വരുന്നത്? ഉത്തരം അല്ല എന്നാണെങ്കിൽ ആ ശക്തി ശത്രുവിൽ നിന്നാണ് ലഭ്യമായിരിക്കുന്നത്. ഇത് ആശയക്കുഴപ്പത്തിലാക്കേണ്ട ഒരു കാര്യമല്ല. കാരണം ഇത് വ്യക്തമാണ്. ഇപ്പോൾ നിങ്ങൾ ആശയക്കുഴപ്പത്തിലാണെങ്കിൽ, അതിന് കാരണം നിങ്ങളെ പിടിച്ചടക്കിയിരിക്കുന്ന ചില സ്വഭാവങ്ങൾ നിങ്ങൾക്ക് ഉപേക്ഷിക്കാൻ ഇഷ്ടമില്ലാത്തതുകൊണ്ടാണ്. സഹോദരീ സഹോദരന്മാരേ, ഇവിടെ നിങ്ങൾ ജാഗരൂകയാരിക്കുവിൻ. എല്ലായിടത്തും കപടധാരികളാണ്, ആ കപടധാരികൾ നിങ്ങളുടെ ആത്മാവിന്റെ നന്മ ആഗ്രഹിക്കുന്നില്ല. നിങ്ങളിൽ വിശുദ്ധമായ എന്തിനെയും ഈ ശക്തിയുടെ ഭാവത്തിൽ ശത്രു നശിപ്പിക്കുവാൻ ശ്രമിക്കുന്നു. ശത്രു നിങ്ങളുടെ ആത്മാവിനെയാണ് തേടുന്നത്. നിങ്ങളുടെ ഉള്ളിലുള്ള പരിശുദ്ധാത്മാവിനെ നിങ്ങൾ പോഷിപ്പിക്കുകയാണെങ്കിൽ പരിശുദ്ധാത്മാവ് അതിനെ എതിർക്കുകയും നിങ്ങൾക്ക് താക്കീത് നൽകുകയും

ചെയ്യുന്നു. ഭാവി പറയുന്നരെയോ സുഖപ്പെടുത്തുന്നവരെയോ ഓർമ്മിപ്പിക്കുന്ന ഒന്നിലും നിങ്ങൾ ഇടപെടരുത്. ഈ ശീലങ്ങൾ തെറ്റാണ്. നിങ്ങൾ അതിന് കണക്ക് പറയേണ്ടതായി വരും. നിങ്ങളുടെ സഹോദരീസഹോദരന്മാർക്ക്  താക്കീത് നൽകിക്കൊണ്ട് അവർക്കെതിരായി സംസാരിക്കുക. ലോകത്തിലെ ക്രിസ്ത്യാനികൾ ശത്രുവിന്റെ അനുയായികളുടെ എളുപ്പത്തിലുള്ള ലക്ഷ്യമായി മാറിയിട്ടുണ്ട്.  കാരണം അവർ മന്ദോഷ്ണരായി. എന്നാലും എന്റെ ചെറിയ അപ്പസ്തോലന്മാരായ നിങ്ങൾ സത്യം അറിയുകയും അത് ഉച്ചത്തിൽ വിളിച്ചു പറയുകയും ചെയ്യും. ദയവായി മറ്റുള്ളവർക്ക് താക്കീത് നൽകുക. ഇത്തരത്തിൽ നമുക്ക് ആത്മാക്കളെ നഷ്ടപ്പെടുകയില്ല.

## ഒക്ടോബർ 4, 2004
## ഈശോ

എന്റെ പ്രിയ ചെറിയ അപ്പസ്തോലന്മാർ വലിയ ക്ഷീണം അറിയുന്നു. നിങ്ങളുടെ തളർച്ചയിൽ നിങ്ങൾ സമാധാനമായിരിക്കുവിൻ. ദൈവരാജ്യത്തിന് വേണ്ടി നിങ്ങൾ വേല ചെയ്യുന്നതിന്റെ ഒരു അടയാളമായി നിങ്ങൾ അതിനെ കാണുക. അല്പം പോലും കൂടുതലും വേണ്ട, കുറവും വേണ്ട. തളർച്ച എന്നു പറയുന്നത് നിങ്ങൾ എന്റെ കൂടെ ജോലി ചെയ്യുന്നത് നിറുത്തേണ്ടതിന്റെ അടയാളമായി ശത്രു നിങ്ങളെ വശപ്പെടുത്തുവാൻ അനുവദിക്കരുത്. ക്ഷീണമെന്താണെന്നും മനുഷ്യരുടെ നിരുത്സാഹപ്പെടുത്തൽ എന്താണെന്നും ഞാൻ മനസ്സിലാക്കുന്നു. ഒന്ന് മറ്റൊന്നിനെ പോഷിപ്പിക്കുമെന്ന് നിങ്ങൾ പറഞ്ഞേക്കാം. നിങ്ങളുടെ ശരീരത്തെക്കുറിച്ച് നേരത്തെ ഞാൻ നിങ്ങളോട് സംസാരിച്ചിട്ടുണ്ട്. കുഞ്ഞ് അപ്പസ്തോലന്മാരേ, നിങ്ങൾക്ക് ആവശ്യത്തിന് വിശ്രമം ലഭിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഇതിലൂടെ വളരെ വ്യക്തമായി രാത്രിയിലെ ഉറക്കത്തെക്കുറിച്ചാണ് ഞാൻ പരാമർശിക്കുന്നത്. നിങ്ങളുടെ ഉത്തരവാദിത്വങ്ങളിൽ നിന്നും നീ അവധികളെടുക്കാനല്ല ഞാൻ ഉദ്ദേശിച്ചത്. യുഗങ്ങളിലുടനീളം എന്റെ അപ്പസ്തോലന്മാരും വിശുദ്ധന്മാരും എല്ലാക്കാര്യത്തിലും എല്ലായ്പ്പോഴും ലളിതമായി ജീവിക്കുവാൻ ശ്രമിച്ചിരുന്നു. ഈ രീതിയിൽ അവരുടെ ശരീരത്തെ അവർ ആദരവോടെ കാണുകയും അതുകൊണ്ട് സേവനം ചെയ്യുവാനും അവർക്ക് സാധിച്ചു. എനിക്ക് അനേകം ശത്രുക്കളും വളരെക്കുറച്ച് മിത്രങ്ങളും വളരെ വലിയ ജോലിയും ചെയ്യാനുള്ള സമയത്ത് നിങ്ങൾ ദൈവത്തിന്റെ കുഞ്ഞുങ്ങളും യഥാർത്ഥ സേവകരുമാണ്. അതുകൊണ്ട് എന്റെ വാക്കുകൾ മനസ്സി

രുത്തി ശ്രദ്ധിക്കുകയും മിതത്വത്തിന്റെ കാര്യത്തിൽ നിങ്ങൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുകയാണെങ്കിൽ നിങ്ങൾക്ക് മുൻപേപോയ സഹോദരീസഹോദരന്മാരുടെ സഹായം ചോദിക്കുകയും ചെയ്യുക. ഞാൻ നിങ്ങളുടെ പ്രിയപ്പെട്ട ഈശോയാണ്. ഞാൻ നിങ്ങളെ വളരെ അലിവോടെ സ്നേഹിക്കുന്നു. നിങ്ങളുടെ സേവനകാലത്തിലെ ഓരോ കാര്യത്തിലും നിങ്ങളെ നയിക്കുന്നതുപോലെ ഈ അവസരത്തിലും ഞാൻ നിങ്ങളെ നയിക്കും.

## ഒക്ടോബർ 5, 2004
## ഈശോ

എന്റെ യഥാർത്ഥ സേവകരേ, ഞാൻ നിങ്ങളോട് സംസാരിക്കുന്നു. നിങ്ങളിൽ എത്രമാത്രം ഞാൻ വിശ്വാസം അർപ്പിക്കുന്നു. എന്റെ രാജ്യത്തിന്റെ വരവിൽ നിങ്ങൾ ഓരോരുത്തർക്കും ഒരു പ്രത്യേക പദ്ധതിയും വേഷവുമുണ്ട്. നിങ്ങളുടെ സേവനത്തിലൂടെ എന്റെ സ്നേഹിക്കുന്ന ഹൃദയത്തിലേക്ക് കൊണ്ടുവരുവാൻ നിങ്ങൾക്കോരോരുത്തർക്കും ഒരു നിശ്ചിത എണ്ണം ആത്മാക്കളുണ്ട്. നിങ്ങൾ അതെ എന്ന് ഉത്തരം പറയുകയാണെങ്കിൽ ഞാൻ നിങ്ങളെ ഉപയോഗിക്കും. നിങ്ങൾ അനുഭവസ്ഥരും ഇതിനെക്കുറിച്ച് അറിയാവുന്നവരുമാണ്. പക്ഷേ, നിങ്ങളെ എന്താണ് ഞാൻ ഓർമ്മിപ്പിക്കുവാൻ ആഗ്രഹിക്കുന്നത് എന്ന് വെച്ചാൽ ഇതാണ്. നിങ്ങൾ എന്നോട് അതെ എന്ന് പറയുകയും നിങ്ങളിലൂടെ നിങ്ങളുടെ ലോകത്തിൽ സേവനം ചെയ്യുവാൻ എന്നെ അനുവദിക്കുകയുമാണെങ്കിൽ നിങ്ങൾ സ്വയം എന്റെ തിരുഹൃദയത്തിലേക്ക് വീണ്ടും വീണ്ടും അടുക്കും. എന്റെ ഹൃദയത്തിന്റെ ആഴങ്ങളിലേക്ക് ഞാൻ നിങ്ങളെ കൊണ്ടുപോകും. ദൈവക രഹസ്യങ്ങളിലേക്ക് നിങ്ങളെ ഞാൻ ആഴമായി കൊണ്ടുപോകും. കുഞ്ഞ് അപ്പസ്തോലന്മാരേ, നിങ്ങളുടെ ജോലി എന്ന് പറയുന്നത് എന്റെ കൂടെ ചരിക്കുന്നതാണ്. നിങ്ങളുടെ വിശുദ്ധിയും നിങ്ങളുടെ ആത്മീയ വളർച്ചയും നിങ്ങൾക്ക് വേണ്ടിയുള്ള എന്റെ ദൗത്യത്തിന്റെ സഫലീകരണവുമായി ബന്ധപ്പെട്ടിരിക്കുന്നു. അതുകൊണ്ട്, അതെ, എനിക്ക് നിങ്ങളുടെ സേവനം ആവശ്യമാണ്. അതെ, നിങ്ങൾ കുറച്ച് ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടതായുണ്ട്. പക്ഷേ അതിന്റെ ഗുണം നിങ്ങൾക്ക് തന്നെയാണ്. ഈ ദൗത്യത്തിൽ നിങ്ങളുടെ രക്ഷ നിങ്ങൾ കണ്ടെത്തും.

## ഒക്ടോബർ 6, 2004
## ഈശോ

എന്റെ പ്രിയ അപ്പസ്തോലന്മാരേ, എത്ര കഠിനമായാണ് നിങ്ങൾ ഈശോയ്ക്ക് വേണ്ടി വേല ചെയ്യുന്നത്. എത്ര സുന്ദരമായാണ് എനിക്ക് നിങ്ങളിലൂടെ ഒഴുകുവാൻ സാധിക്കുന്നത്. ഈ കാലഘട്ടത്തിൽ നിങ്ങൾ എന്നെ സേവിക്കുന്നതിലൂടെ അനേകം മാനസാന്തരങ്ങൾക്ക് നിങ്ങൾ സാക്ഷിയാകും. കാരണം ഈ ലോകത്തിലേക്ക് ഞാൻ ഒരു വലിയ അനുഗ്രഹത്തിന്റെ ധാര അയക്കുക യാണ്. ആത്മാക്കൾ എന്നിലേക്ക് തിരിയുകയും അവരും ഈ രക്ഷാദൗത്യത്തിൽ പങ്കുചേരുകയും ചെയ്യും. നമ്മൾ എണ്ണത്തിലും ശക്തിയിലും വളരും. എല്ലാ നവീകരണ വും ഇങ്ങനെയാണ് തുടങ്ങുന്നതും. ആദ്യം വളരെക്കു റച്ചുപേരുടെ ധൈര്യത്തിലാണ് നിലനിൽക്കുന്നതെ ന്നതിൽ ഞാൻ തൃപ്തനാണ്. നമ്മുടെ അമ്മയും തൃ പ്തയാണ്. കാരണം തന്റെ സ്നേഹത്തോടും സേവന ത്തോടും തുറവിയുള്ള ഹൃദയങ്ങളെ അവിടുന്ന് കാണു ന്നു. എപ്പോഴും അമ്മയുടെ നിർമ്മലഹൃദയത്തോട് ചേർന്ന് നിൽക്കുക. ഏറ്റവും ബുദ്ധിമുട്ടുള്ള സാഹചര്യ ങ്ങളിലും അമ്മ നിന്നെ താങ്ങിക്കൊള്ളും. എന്റെ പ്രിയ പ്പെട്ടവരെ, ബുദ്ധിമുട്ടുകൾ വരും. നിങ്ങൾ സ്വർഗ്ഗത്തിന് വേണ്ടി ചെയ്യുന്ന വേല അനേകരെ രക്ഷിക്കുന്നതാ ണെന്ന് മനസ്സിലാക്കുവിൻ. അതുപോലെ നിങ്ങൾക്ക് എതിർപ്പും നേരിടേണ്ടി വരും. പക്ഷേ, അത് നിങ്ങളുടെ ജോലിയെ സ്വാധീനിക്കുകയില്ല. അതുകൊണ്ട് നിങ്ങൾ സമാധാനത്തിലായിരിക്കുക. ഈ ദൗത്യം അതിന്റെ ഉത്ഭവത്തിൽ ദൈവികമായതിനാൽ ആർക്കും അതി നെതിരെ വിജയകരമായി നിൽക്കാൻ സാധിക്കുക യില്ല.

## ഒക്ടോബർ 7, 2004
## ഈശോ

എന്റെ ഹിതം മുൻപോട്ട് കൊണ്ടുപോകാൻ അനുവദിക്കാത്ത കാര്യങ്ങൾ എന്റെ കുഞ്ഞ് അപ്പസ്തോലന്മാർ മാറ്റി വയ്ക്കണം. ഈ സമയത്ത് നിങ്ങളോരോരുത്തരും ദൈവവചനം ആത്മാക്കളിൽ എത്തിക്കുവാൻ ഞാൻ നിങ്ങളോട് ആവശ്യപ്പെടുന്നു. ഇത് നിങ്ങളുടെ സ്വർഗ്ഗീയ പ്രബോധനമാണ്. ആദ്യമായി നിങ്ങളുടെ കർത്തവ്യത്തിൽ ഇത് ചെയ്യുവാൻ ഞാൻ നിങ്ങളോട് ആവശ്യപ്പെടുന്നു. കാരണം വിശുദ്ധവും പരിശുദ്ധവുമായ ജീവിതം നയിക്കുന്നതിലൂടെയും നിങ്ങളുടെ ദൈനംദിന കർത്തവ്യങ്ങളിൽ എന്നെ പിന്തുടരുന്നതിലൂടെയുമാണ് എനിക്ക് നിങ്ങളിൽ വിശുദ്ധി കൊണ്ടുവരുവാൻ സാധിക്കുന്നത്. വിശ്വസ്തതയുടെ മാതൃക നിങ്ങൾ കാണിക്കുന്നത്, കർത്തവ്യങ്ങൾ അവഗണിക്കുന്നതിനേക്കാളധികമായി മറ്റുള്ളവരോട് സംസാരിക്കും. അതാണ് നിങ്ങൾ ആദ്യം പ്രാധാന്യം കൊടുക്കേണ്ടത്. ഇത് എന്നിൽ നിന്നാണ് വരുന്നത് എന്നോർത്ത് നിങ്ങൾ സമാധാനിക്കുവിൻ. രണ്ടാമത്തെ പ്രാധാന്യം എന്ന് പറയുന്നത് ഈ വാക്കുകൾ പ്രചരിപ്പിക്കുകയാണ്. എന്റെ വാക്കുകൾ നിങ്ങളുടെ ലോകത്തിലൂടെ ഒരേപോലെ സഞ്ചരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഭ്രാന്തമായ ധൃതിയോ, അനാവശ്യമായ താമസമോ എനിക്ക് വേണ്ട. ഈ ദൗത്യത്തിലുള്ള നിങ്ങളുടെ ഭാഗം എന്നോട് ചോദിക്കുകയാണെങ്കിൽ, ഞാൻ നിങ്ങൾക്ക് കാണിച്ചുതരാം. നിങ്ങൾ എന്നോട് അതെ എന്ന് ഉത്തരം പറയണം. ഞാൻ നിങ്ങളുടെ ഹൃദയങ്ങളോടാണ് സംസാരിക്കുന്നത്. കുഞ്ഞ് അപ്പസ്തോലന്മാരേ, നിങ്ങൾ എന്റെ പിന്നാലെ വരുന്നത് കൊണ്ട് നിങ്ങൾക്ക് എന്നെ അറിയാം. സ്വർഗ്ഗത്തിലേക്കുള്ള പാ

തയിൽ ഒന്നും നിങ്ങളെ പിൻതിരിപ്പിക്കാതിരിക്കേണ്ട സമയമാണിത്. ആ പാതയിൽ ഈ ദൗത്യം ഫലവത്താക്കാൻ ഞാൻ നിങ്ങളോട് ചോദിക്കുന്നതായി നിങ്ങൾക്ക് മനസ്സിലാകും. ഈ സമയത്തിന് വേണ്ടിയാണ് ഞാൻ നിങ്ങളെ ഒരുക്കിയത്. പലരും ഈ ലക്ഷ്യത്തോട് ചേരും. അവരെ സ്വാഗതം ചെയ്യുവിൻ. ഏറ്റവും വലിയ എളിമയോടെ മുൻപോട്ട് പോവുക. കാരണം നിങ്ങളോരോരുത്തരും നിങ്ങളുടെ ചെറിയ ഭാഗം ചെയ്യുവാനായാണ് തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്. നിങ്ങളുടെ സുന്ദരവും പൂർണ്ണവുമായ അതെയിലൂടെ അനേകം ആത്മാക്കളെ രക്ഷിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഒരിക്കലും ശ്രദ്ധ പതറിപ്പോവരുത്. നിങ്ങളെ വിളിച്ചിരിക്കുന്നുവെന്ന് നിങ്ങൾ മനസ്സിലാക്കുമ്പോൾ സ്നേഹത്തോടെ എനിക്ക് ഉത്തരം നൽകുവിൻ. അപ്പോൾ നിങ്ങൾ സ്വർഗ്ഗീയ അനുഗ്രഹങ്ങളാൽ നിറഞ്ഞു നിൽക്കുന്നതായി കാണും.

## ഒക്ടോബർ 8, 2004
## ഈശോ

കുഞ്ഞുസേവകരേ, ദൈവഹിതം മാത്രം അന്വേഷിക്കുക. ഓരോ ദിവസവും നിങ്ങളിൽ നിന്നും ഞാൻ എന്താണ് ആഗ്രഹിക്കുന്നത് എന്ന് നിങ്ങൾ ചിന്തിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അതായത് നിങ്ങൾ പലപ്പോഴും എന്റെ ആവശ്യങ്ങൾക്ക് വേണ്ടി നിങ്ങളുടെ പല പ്രവൃത്തികളും ക്രമീകരണം ചെയ്യുന്നതായി നിങ്ങൾ കാണും. ദൈവരാജ്യത്തിനുവേണ്ടിയുള്ള നിങ്ങളുടെ സമയം ഫലവത്തായിരിക്കണം. അത് സംഭവിക്കുന്നതിനുവേണ്ടി നിങ്ങളുടെ സമയം കൊണ്ട് ഞാൻ എന്ത് ചെയ്യാൻ ആഗ്രഹിക്കുന്നുവെന്ന് നിങ്ങൾ എപ്പോഴും എന്നോട് ചോദിക്കണം. നമ്മൾ തമ്മിൽ നിരന്തര സമ്പർക്കം ഉണ്ടായിരിക്കണം എന്ന് ഞാൻ ആഗ്രഹിക്കുന്നുവെന്ന് നിങ്ങൾ അറിയുവിൻ. ആദ്യം നിങ്ങൾക്ക് ഇത് ഒരു ഭാരമായി തോന്നിയേക്കാമെങ്കിലും നിങ്ങളെ വളരെ വേഗത്തിൽ തന്നെ സ്വർഗ്ഗവുമായുള്ള ഐക്യത്തിൽ ആശ്വാസമുള്ളവരാക്കും. സ്വർഗ്ഗം നിങ്ങളിലൂടെ ലോകത്തിലേക്ക് ഒഴുകണമെങ്കിൽ, അതാണ് ലക്ഷ്യമെങ്കിൽ നിങ്ങളെ എല്ലാക്കാര്യങ്ങളിലും സ്വർഗ്ഗം നയിക്കുവാൻ അനുവദിക്കണം. ഞങ്ങൾ സ്വർഗ്ഗത്തിൽ നിന്ന് അത് ചെയ്യുവാൻ തയ്യാറാണെന്ന് നിങ്ങൾക്കറിയാം. സ്വർഗ്ഗം നിങ്ങളെ നയിക്കുവാനായി നിങ്ങൾ ശ്രമിക്കുന്നുവെന്ന് ഞങ്ങൾക്കറിയാം. അതുകൊണ്ട് ഇനി ആവശ്യമായുള്ളത് പരിശീലനമാണ്. എത്ര തവണ നിങ്ങളോട് പരിശീലിക്കുവാൻ ഞങ്ങൾ ആവശ്യപ്പെട്ടു. നിങ്ങൾ കൂടെ വരുന്നു, കുഞ്ഞ് അപ്പസ്തോലന്മാരെ, എങ്ങനെയാണ് ആയിരിക്കേണ്ടത് എന്ന രീതിയിൽ നിങ്ങൾ സേവിക്കുന്നതിലൂടെയും ഞാൻ നയിക്കുന്നതിലൂടെയും നിങ്ങൾ സാക്ഷികളാകുന്നു. എന്റെ സേവ

നത്തിൽ ഓരോ ദിവസവും മുൻപോട്ട് പോകുവിൻ, എല്ലായ്പോഴും മുൻപോട്ട്; അപ്പോൾ ആത്മാക്കൾ തരിച്ചുവരുന്നത് നിങ്ങൾ കാണും. ഞാൻ നിങ്ങളോടൊപ്പം എല്ലാക്കാര്യത്തിലുമുണ്ട്.

## ഒക്ടോബർ 9, 2004
## ഈശോ

എന്റെ പ്രിയ കുഞ്ഞ് അപ്പസ്തോലന്മാർ എന്റെ വാക്കുകൾ മനസ്സിരുത്തി ശാന്തമായി കേൾക്കണം. ഞാൻ നിങ്ങൾക്ക് ഏറ്റവും വ്യക്തമായ നിർദ്ദേശങ്ങളാണ് നൽകുന്നത്, അതുകൊണ്ട് നിങ്ങളുടെ ദൗത്യത്തെക്കുറിച്ച് നിങ്ങൾക്ക് വ്യക്തമായ ഒരു വീക്ഷണം ഉണ്ടാകും. ക്രിസ്തീയ കുടുംബത്തിലേക്ക് നമ്മൾ ആത്മാക്കളെ സുരക്ഷിതമായി തിരിച്ചുകൊണ്ടുവരികയാണ്. നാം അത് സ്നേഹത്തോടെയാണ് ചെയ്യുന്നത്. എന്റെ പ്രിയപ്പെട്ടവരേ, ഞാൻ നിങ്ങളെ സ്നേഹിക്കുന്നു. ഞാൻ നിങ്ങളെ എല്ലാ സ്നേഹത്തോടെയുമാണ് സേവനത്തിലേക്ക് വിളിക്കുന്നതും. നിങ്ങൾ എനിക്ക് സേവനം ചെയ്യുന്നതിലൂടെ നിങ്ങളുടെ ഹൃദയത്തിൽ സൂക്ഷിക്കുന്ന ആഗ്രഹങ്ങൾക്ക് ഏറ്റവും വലിയ അനുഗ്രഹങ്ങൾ നേടുകയും ചെയ്യും. ദൈവരാജ്യത്തിന് വേണ്ടിയുള്ള നിങ്ങളുടെ സേവനത്തിൽ നിങ്ങൾക്ക് നഷ്ടം വരുമെന്നോർത്ത് ഭയപ്പെടരുത്. നിങ്ങൾക്ക് ലാഭത്തിനുള്ള സാധ്യത മാത്രമേയുള്ളു. നിങ്ങളുടെ ഓരോ ഉത്കണ്ഠകളും എനിക്ക് തന്നുകൊണ്ട് തുടങ്ങുവിൻ. ഓരോ ദിവസവും ദൈവത്തിന് നിങ്ങളെക്കുറിച്ചുള്ള വിശുദ്ധ ഹിതവും ദൈവരാജ്യത്തിലുള്ള നിങ്ങളുടെ ഭാഗവും നിറവേറ്റിക്കൊണ്ടാണ് നിങ്ങൾ നടക്കുന്നത് എന്ന അറിവിൽ വ്യാപരിക്കുവിൻ. ഈ ദൗത്യത്തിന് വേണ്ടിയാണ് ഈ സമയത്ത് ഭൂമിയിൽ നിങ്ങളെ വച്ചിരിക്കുന്നത്. ഒരിക്കലും എന്നെ തള്ളിക്കളയരുതെ. ഈശോയോട് അതെ എന്ന് പറയുക. എന്റെ പ്രകാശത്താൽ നിങ്ങൾ നിറയും. വിശ്വാസത്തോടെ മുൻപോട്ട് പോയിക്കൊണ്ട് എന്റെ വിശുദ്ധജ്ഞാനം നിങ്ങളിൽ വരുവാൻ അനുവദിക്കുക.

## ഒക്ടോബർ 11, 2004
## ഈശോ

എന്റെ പ്രിയ കുഞ്ഞ് അപ്പസ്തോലന്മാരേ, ഞാൻ എപ്പോഴും നിങ്ങളോടൊപ്പമാണ്. നിങ്ങൾ ലോകത്തിലൂടെ നടക്കുകയും എന്റെ അനുഗ്രഹങ്ങൾ നിങ്ങളിലൂടെ പുറത്തോട്ട് പോവുകയും ചെയ്യും. കാരണം ഞാൻ നിങ്ങളെ വെളിച്ചത്തിൽ ഉറപ്പിക്കുകയും നിങ്ങൾ എവിടെപ്പോയാലും സ്വർഗ്ഗീയ വെളിച്ചം പരത്തുകയും ചെയ്യും. ഈ സമയത്ത് ഇത് വളരെ വ്യക്തമായി നിങ്ങൾ കാണാൻ തുടങ്ങും. നിങ്ങളോരോരുത്തരിലൂടെയും ഒഴുകിക്കൊണ്ടിരിക്കുന്ന നിരവധിയായ ദൈവകൃപയുടെ ഫലമാണിത്. ക്രിസ്തുവിന്റെ അനുയായികൾ ലോകത്തിന് വേണ്ടി എല്ലായ്പ്പോഴും ഇത് ചെയ്തിട്ടുണ്ട് എന്ന് പറയുന്നവരുണ്ട്. ഇത് സത്യമാണ്താനും. പക്ഷേ, മറ്റു കാലങ്ങളിലെപ്പോലെയാണ് ഇപ്പോഴത്തെ കാലമെന്ന് വിശ്വസിക്കരുത്. ഈ കാലം പല കാരണങ്ങളാൽ വ്യത്യസ്തമാണ്. ഞാൻ തിരിച്ചുവരികയാണ്. അതിന്റെ പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു. ഞാൻ വളരെ നിഗൂഢമായ തിടുക്കത്തോടെയാണ് ജോലി ചെയ്യുന്നത് എന്ന് എന്റെ അനുയായികൾ ആരും നിഷേധിക്കാതിരിക്കട്ടെ. ഈ അത്യാവശ്യത്തിന് പുറമെ ഞാൻ ഒരു നിഗൂഢമായ ശാന്തതയും സമാധാനവും പ്രചരിപ്പിക്കുന്നു. കുഞ്ഞ് അപ്പസ്തോലന്മാരേ, എല്ലാം നന്നായിരിക്കുന്നു. നിങ്ങൾ വിവേകത്തോടെ തിരഞ്ഞെടുത്തിരിക്കുകയും നിങ്ങൾ എല്ലാ സമാധാനത്തോടെയും വിശ്വാസത്തോടെയും സ്വർഗ്ഗത്തെ സേവിക്കുകയും ചെയ്യും.

## ഒക്ടോബർ 13, 2004
## ഈശോ

ഞാൻ എല്ലായ്പ്പോഴും പുതിയ ആത്മാക്കൾ നമ്മളോട് ചേരുവാൻ ആഗ്രഹിക്കുന്നുവെന്ന് എന്റെ അപ്പസ്തോലന്മാർ മനസ്സിലാക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ആത്മാക്കൾക്ക് വേണ്ടി ജോലി ചെയ്യുന്ന ഈ സംഘം ആളുകൾ വർദ്ധിക്കണം. സാധിക്കുന്നത്രയും ആളുകളെ നാം ഈ ജോലിയുടെ മേഖലയിലേക്ക് നാം വലിച്ചടുപ്പിക്കണം. ഇങ്ങനെ അനേകരെ എന്റെ തിരുഹൃദയത്തിന്റെ സുരക്ഷിതത്വത്തിലേക്ക് നമുക്ക് കൊണ്ടു വരുവാൻ സാധിക്കും. സ്വർഗ്ഗത്തിന് വേണ്ടിയുള്ള സേവനം എത്ര ആനന്ദകരമാണ്. പ്രിയ സേവകരേ, ഈ വസ്തുത പലപ്പോഴും ധ്യാനിക്കുക. നിങ്ങൾ വളരെ കഷ്ടപ്പെട്ട് അദ്ധ്വാനിക്കുകയാണ് എന്നത് സത്യമാണ്, പക്ഷേ അത് ഫലമില്ലാതെയല്ല. നിങ്ങളുടെ ലോകത്തിലേക്ക് എന്റെ വാക്കുകളും കൃപയും വളരെ ശക്തമായാണ് ഒഴുകുന്നത്. എല്ലാ ദോഷാനുദർശനവും എല്ലാ വെറുപ്പിനും എന്റെ വാക്കിന്റെ മുൻപിൽ നിൽക്കുവാൻ സാധിക്കുകയില്ല. എന്റെ വാക്കുകൾ ദോഷദർശനത്തിലേക്കും വെറുപ്പിലേക്കും ഒഴുകിക്കൊണ്ട് ഈ അന്ധകാരത്തിന്റെ ലക്ഷണങ്ങളെ നശിപ്പിക്കുന്നു. ആത്മാക്കൾ എന്നിൽ വിശ്വസിക്കുവാൻ ആഗ്രഹിക്കുന്നു. ആത്മാക്കൾ എന്നിൽ പ്രതീക്ഷ അർപ്പിക്കുവാൻ ആഗ്രഹിക്കുന്നു. നിങ്ങളുടെ മാതൃകയിലൂടെയും നിങ്ങളുടെ സേവനത്തിന്റെ ജീവിതത്തിലൂടെയും നിങ്ങൾ അവർക്ക് അങ്ങനെ ചെയ്യുവാനുള്ള അവസരം ഉണ്ടാക്കുകയാണ്. എന്റെ പ്രിയപ്പെട്ട കുഞ്ഞുജോലിക്കാരേ, നിങ്ങൾ എത്രമാത്രം എന്നിൽ ആനന്ദിക്കുന്നു. എന്റെ നീതിയുടെ കോപത്തിന്റെ ശക്തി കുറയ്ക്കുന്നത് നിങ്ങളുടെ എളിമയും സമ്മതവു

മാണ്. നിങ്ങൾ വഹിക്കുന്ന ഭാരങ്ങളോർത്ത് ഹൃദയം നുറുങ്ങരുത്. നിങ്ങൾ ദൈവരാജ്യത്തിന് വേണ്ടിയാണ് അവ വഹിക്കുന്നത്. ഓരോ ഭാരവും ആത്മാക്കളെ നേടുന്നു. ഓരോ ആത്മാവും നിങ്ങളുടെ ആത്മാവിനെപ്പോലെ വിലപ്പെട്ടതാണ്. ഇത് എന്റെ ദൃഢനിശ്ചയം എന്താണെന്ന് മനസ്സിലാക്കാൻ നിങ്ങളെ സഹായിക്കും. ഈ ദൗത്യത്തിൽ നിങ്ങളെ പിടിച്ചുനിറുത്തുവാൻ ആവശ്യമായ വലിയ കരുത്ത് ഞാൻ നിങ്ങൾക്ക് ഇന്ന് അയയ്ക്കുന്നു.

## ഒക്ടോബർ 14, 2004
## ഈശോ

ഈ ജോലി വളരെ പ്രാധാന്യമുള്ളതാണ്. കാരണം ഈ വാക്കുകളിലൂടെ ഞാൻ എന്റെ കുഞ്ഞ് അപ്പസ്തോലന്മാർക്ക് ദൈവരാജ്യത്തിന് വേണ്ടി ശുഷ്കാന്തിയോടെ വേല ചെയ്യുന്നവർക്ക് പ്രോത്സാഹനം നൽകുന്നു. തിരിച്ചുവരുന്ന രാജാവിന്റെ പ്രിയ സേവകരേ, നിങ്ങൾ എനിക്ക് വേണ്ടി ത്യാഗം ചെയ്തതിൽ ഒരിക്കലും വിഷമിക്കുകയില്ല, ഇങ്ങനെ ചെയ്തതിൽ നിങ്ങളുടെ മുഴുവൻ നിത്യതയിലും ഇതിന്റെ ഫലങ്ങൾ കൊയ്തെടുക്കും. ത്യാഗത്തെക്കുറിച്ചുള്ള ആശയം വളരെക്കുറച്ചു പേർക്ക് മനസ്സിലാക്കുന്ന ഈ കാലഘട്ടത്തിൽ, ഓരോ ദിവസവും നിങ്ങളെ നൽകിക്കൊണ്ട് എന്റെ ലക്ഷ്യങ്ങൾ നിങ്ങൾ കൊണ്ടുവരുന്നു. നിങ്ങൾ എന്നെ സേവിക്കുകയും നിങ്ങളുടെ സഹമനുഷ്യരെ സേവിക്കുകയുമാണ് ചെയ്യുന്നത്. ഈ ദിവസങ്ങളിൽ എത്ര പേർക്ക് അങ്ങനെ പറയാൻ സാധിക്കും. ഇനി വരുന്ന ദിവസങ്ങളിൽ, അനേകം, അനേകം പേർ ഈ ലക്ഷ്യത്തിലേക്ക് ജാഗരൂകതയുള്ളവരായിരിക്കും. എന്നോട് എതിർത്ത് പറയുന്നവർ ഉണ്ടാകും. ഇത് സംഭവിക്കുമ്പോൾ, നിങ്ങളുടെ ജോലി സാധാരണ പോലെ തുടർന്നുകൊണ്ട് പോകുവിൻ. ഒരിക്കൽ പോലും നിറുത്തരുത്, പ്രിയ അപ്പസ്തോലന്മാരേ, കാരണം ഇത് പ്രതീക്ഷിക്കുന്ന ഒന്നാണ്. വെറുതെ നിങ്ങളെത്തന്നെ വീണ്ടും സമർപ്പിച്ച്കൊണ്ട് തുടരുക, നമ്മൾ വേല ചെയ്യുന്ന ആ ആത്മാക്കളാണ് നമുക്ക് രക്ഷ നേടിത്തരുന്നത് എന്ന് മനസ്സിലാക്കിക്കൊണ്ട്. എന്റെ കൂടെ നടക്കുന്നത് ചില സമയത്ത് കയ്പേറിയ ജോലിയാകാം, പക്ഷേ നിങ്ങൾ കൂടുതൽ സമയം വിരാമമിട്ടാൽ മാത്രമേയുള്ളു. നിങ്ങൾ എല്ലായ്പ്പോഴും

എന്നോട് വളരെ അടുത്താണ് സഞ്ചരിക്കുന്നതെങ്കിൽ നിങ്ങൾ പൗരുഷമുള്ളവരാവുകയില്ല. ഞാൻ സമാധാനവും സ്നേഹവും മാത്രമാണ് അയയ്ക്കുന്നത്. ശത്രുവിനെ സേവിക്കുന്നവരുമായി വീക്ഷണം പങ്കുവയ്ക്കുന്നതിലൂടെയാണ് ഈ വെറുപ്പ് വരുന്നത്. എന്തുകൊണ്ടാണ് നിങ്ങളെ വെളിച്ചത്തെ സേവിക്കേണ്ടത് എന്ന് കുറച്ച് നിമിഷത്തേക്ക് തീരുമാനിക്കുന്നതൊഴിച്ച് തീർച്ചയായും ഞാൻ ഇത് ഉപദേശിക്കുന്നില്ല. എന്നെ സേവിക്കുന്നത് എല്ലാ വിശുദ്ധിയും നന്മയുമാണ് കൊണ്ടുവരുന്നത്. എന്റെ സേവനം, എന്നിൽ നിന്ന് വരുന്ന ഫലങ്ങളിലൂടെയും നിങ്ങൾ മനസ്സിലാക്കുകയും നിങ്ങളുടെ ആത്മാവിലുള്ള സമാധാനത്തിലൂടെ ഏകീകരണം തിരിച്ചറിയുകയും ചെയ്യും. നിങ്ങൾ ഭയമുള്ളവരാകുമ്പോൾ, പുതുമയുള്ള ധൈര്യത്തിനായി എന്റെ അടുക്കൽ വരുവിൻ. ഈ ജോലി പൂർത്തിയാക്കുവാൻ ഏത് അളവിലാണോ നിങ്ങൾക്ക് ആവശ്യം അത് നിങ്ങളുടേതായിരിക്കും. എനിക്കുള്ളതെല്ലാം നിങ്ങളുടേതാണ്. നിങ്ങൾക്ക് ആവശ്യമുള്ളതെല്ലാം നിങ്ങളുടേതാണ്. സ്വർഗ്ഗം മുഴുവൻ, പ്രിയ അപ്പസ്തോലന്മാരേ, നിങ്ങളുടേതാണ്.

## ഒക്ടോബർ 15, 2004
## ഈശോ

വെളിച്ചത്തിന്റെ എന്റെ അപ്പസ്തോലന്മാർ ഏറ്റവും വലിയ കൃപയിലാണ് നടക്കുന്നത്. എല്ലാ സമയത്തും എന്റെ സ്വർഗ്ഗീയ കൃപ നിങ്ങളെ വലയം ചെയ്യുന്നു. നിങ്ങളുടെ കൂടെ സ്വർഗ്ഗം ഉണ്ട്, ആ സ്വർഗ്ഗം എല്ലാ കാര്യത്തിലും നിങ്ങളെ സഹായിക്കും. ഈ ദൗത്യ ത്തിന് വേണ്ടി നിങ്ങൾ ചെയ്യുന്ന വേല തീർച്ചയായും നിങ്ങളുടെ ഭാഗത്ത് നിന്ന് യാതൊരു പ്രയത്നവുമില്ലാ ത്തതായി തോന്നും. കാരണം, ഞങ്ങൾ സ്വർഗ്ഗത്തിൽ നിന്ന് നിങ്ങളിലൂടെ ഇത് ഒഴുകുന്നുണ്ടെങ്കിലും ഇത് നിങ്ങളിൽ നിന്നല്ല വരുന്നത്. അതുകൊണ്ട് കരുണ യുടെ ഈ ദൗത്യത്തോടുള്ള പ്രതിജ്ഞാബദ്ധത എന്ന് പറയുന്നത് എന്നെ നിങ്ങൾ സേവിക്കുന്നതാണെന്ന് നിങ്ങൾക്ക് കാണാം. പക്ഷേ നിങ്ങൾ എന്തായാലും എന്നെ സേവിക്കുകയാണ്. ഈ വാക്കുകൾ പ്രചരിപ്പി ക്കുവാൻ നിങ്ങൾ അതിതീക്ഷ്ണമായി ജോലി ചെയ്യു കയാണെന്ന് നിങ്ങൾക്ക് തോന്നുകയില്ല. മറ്റു തരത്തി ലായിരുന്നെങ്കിൽ നിങ്ങൾക്ക് തോന്നുമായിരുന്നു, കാരണം നിങ്ങൾ ചെയ്യുന്നതിന്റെ ഭൂരിഭാഗവും നിഗൂ ഢമായ കൃപാനുഗ്രഹങ്ങളാൽ അനുഗ്രഹിച്ചിരിക്കുന്നു. നിങ്ങളിലൂടെ ഒഴുകുവാൻ നിങ്ങൾ എന്നെ അനുവദിക്കു കയാണെങ്കിൽ, ഞാനാണ് ഭൂരിഭാഗവും ജോലി ചെയ്യു ന്നത്. പ്രിയ ആത്മാക്കളെ, പരിപാലിക്കപ്പെടുവാനായി നിരന്തരം എന്റെ അടുക്കൽ വരുവിൻ. നിങ്ങളുടെ പാപങ്ങൾ ഏറ്റുപറഞ്ഞുകൊണ്ട് സ്വർഗ്ഗീയ അനുഗ്രഹ ങ്ങളാൽ നിറഞ്ഞു നിൽക്കുവിൻ.

# അനുബന്ധം

# മടങ്ങിവരുന്ന രാജാവായ യേശുക്രിസ്തുവിന്റെ അൽമായ പ്രേഷിതത്വം

പാപികളുടെ മാനസാന്തരത്തിനുള്ള കൃപകൾ ലഭിക്കാൻ ഞങ്ങളുടെ അനുദിന ജീവിതത്തിലും ഞങ്ങളുടെ ദൈവവിളികളിലൂടെയും ഈശോയുമായി ഐക്യപ്പെടുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. തന്റെ പ്രകാശവുമായി ഞങ്ങളിലൂടെ ഈ ലോകത്തിലേക്ക് ഒഴുകുവാൻ പരിശുദ്ധാത്മാവുമായുള്ള തങ്ങളുടെ സഹകരണത്തിലൂടെ ഞങ്ങൾ ഈശോയെ അനുവദിക്കും. ഞങ്ങളിത് നമ്മുടെ അനുഗൃഹീത മാതാവായ മറിയവുമായുള്ള കൂട്ടായ്മയിൽ, പുണ്യവാന്മാരുടെ ഐക്യത്തോടൊപ്പം, ദൈവത്തിന്റെ പരിശുദ്ധ ദൂതരേവരോടും ചേർന്ന്, ഈ ലോകത്തിലെ ഞങ്ങളുടെ സഹപ്രേഷിതരോടൊപ്പം ചെയ്യുന്നു.

## അൽമായ പ്രേഷിതർക്കുള്ള മാർഗരേഖ

മടങ്ങിവരുന്ന രാജാവായ യേശുക്രിസ്തുവിന്റെ അൽമായ പ്രേഷിതരെന്ന നിലയിൽ, സജീവ കത്തോലിക്കർക്കടുത്ത ഞങ്ങളുടെ മൗലിക കടപ്പാടുകൾ നിർവഹിക്കാമെന്ന് ഞങ്ങൾ സമ്മതിക്കുന്നു. ഇതിലുപരിയായി, ഇനിപ്പറയുന്ന ആത്മീയാഭ്യാസങ്ങൾ, ഞങ്ങൾക്കാവുന്നതിന്റെ പരമാവധി ഞങ്ങൾ സ്വാംശീകരിക്കും.

1. ഐക്യദാർഢ്യപ്രാർത്ഥനയും പ്രഭാത സമർപ്പണവും; ഒപ്പം പരിശുദ്ധപിതാവിനുവേണ്ടിയുള്ള ഒരു ഹ്രസ്വ പ്രാർത്ഥന.
2. ദിവ്യകാരുണ്യ ആരാധന; ആഴ്ചയിൽ ഒരു മണിക്കൂർ വീതം.
3. പ്രാർത്ഥനാക്കൂട്ടായ്മയിലെ പങ്കാളിത്തം; പ്രതിമാസം നടക്കുന്ന ഇതിൽ നമ്മൾ പരിശുദ്ധ ജപമാലയിലെ പ്രകാശത്തിന്റെ രഹസ്യങ്ങൾ ധ്യാനിക്കുകയും പ്രതിമാസ സന്ദേശം വായിക്കുകയും ചെയ്യും.
4. പ്രതിമാസ കുമ്പസാരം.
5. ഇനിയും, സകലരെയും ഈശോയുടെ ക്ഷമയോടും ദയാവായ്പ്പോടും കൂടെ പരിഗണിച്ചുകൊണ്ട്, തിരുവചനങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ളവിധം അവിടുത്തെ ദൃഷ്ടാന്തം ഞങ്ങൾ പിന്തുടരും.

## ഐക്യദാർഢ്യ പ്രാർത്ഥന

സ്വർഗസ്ഥനായ പ്രിയപ്പെട്ട ദൈവമേ, ഞാൻ അങ്ങയോടുള്ള ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു. ഞാൻ അവിടുത്തേക്ക് എന്റെ ജീവനും എന്റെ ജോലിയും എന്റെ ഹൃദയവും തരുന്നു. പകരമായി, അങ്ങയുടെ ഓരോ മാർഗനിർദേശവും അതിന്റെ പൂർണതയിൽ അനുസരിക്കുന്നതിനുള്ള കൃപ എനിക്കു തന്നാലും. ആമേൻ.

## പ്രഭാതസമർപ്പണം

ഓ ഈശോയെ, മറിയത്തിന്റെ അമലോൽഭവ ഹൃദയം വഴി, അവിടുത്തെ തിരുഹൃദയത്തിന്റെ എല്ലാ നിയോഗ ങ്ങൾക്കുമായി, ലോകമെമ്പാടുമുള്ള ദിവ്യബലിയുടെ പ രിശുദ്ധ അർപ്പണങ്ങളോട് ഐക്യപ്പെട്ടുകൊണ്ട്, എന്റെ പാപങ്ങൾക്കുള്ള പരിഹാരമായും പരിശുദ്ധ പിതാ വിന്റെ നിയോഗങ്ങൾക്കായും ഈ ദിനത്തിലെ എന്റെ പ്രാർത്ഥനകളും പ്രവൃത്തികളും ആനന്ദങ്ങളും സഹന ങ്ങളും അങ്ങേയ്ക്കായി സമർപ്പിക്കുന്നു. ആമ്മേൻ

## പരിശുദ്ധ പിതാവിനായുള്ള പ്രാർത്ഥന

ഈശോയുടെ അനുഗൃഹീതയായ മാതാവേ, ഞങ്ങളുടെ പരിശുദ്ധ പിതാവിനേയും സ്നേഹത്തിന്റെ നിയോഗങ്ങളെയും സംരക്ഷിക്കണമേ.

### പ്രകാശത്തിന്റെ അഞ്ചു രഹസ്യങ്ങൾ

1. ഈശോയുടെ ജ്ഞാനസ്നാനം
2. കാനായിലെ കല്യാണം
3. ദൈവരാജ്യത്തിന്റെ പ്രഖ്യാപനം
4. രൂപാന്തരീകരണം
5. പരിശുദ്ധ കുർബാനയുടെ സ്ഥാപനം

## ഈശോയിൽനിന്ന് തന്റെ അൽമായ പ്രേഷിതർക്കുള്ള വാഗ്ദാനം

**2005 മെയ് 12**

***ആത്മാക്കൾക്കായുള്ള നിന്റെ സന്ദേശം സ്ഥിരമായി നി ലനിൽക്കുന്നു. ഓരോ ആത്മാവിനെയും വീണ്ടെടുപ്പു ദൗത്യത്തിലേക്ക് സ്വാഗതം ചെയ്യുക. എന്റെ താൽപ ര്യങ്ങളെ ഓരോ അൽമായ പ്രേഷിതനും/ പ്രേഷിത***

*യും ശ്രദ്ധിച്ചാൽ അവരുടേതിനെ ഞാനും ശ്രദ്ധിക്കും. അവരെന്റെ തിരുഹൃദയത്തിൽ സ്ഥാപിക്കപ്പെടുകയും ഞാനവർക്കുവേണ്ടി പ്രതിരോധിച്ച് സംരക്ഷിക്കുകയും ചെയ്യും. അവരുടെ ഓരോ പ്രിയപ്പെട്ടവരുടെയും മാനസാന്തരം ഞാൻ നേടിക്കൊടുക്കുന്നതാണ്. അങ്ങനെ, കാണുക, എന്റെ പ്രിയപ്പെട്ട അൽമായ പ്രഷിതരെന്ന നിലയിൽ ഈ വീണ്ടെടുപ്പു ദൗത്യത്തിൽ ശുശ്രൂഷ ചെയ്യുന്ന ആത്മാക്കൾ സമാധാനം സമ്പാദിക്കും. ലോകത്തിന് ഇത്തരമൊരു വാഗ്ദാനം കൊടുക്കാനാവില്ല. എന്തെന്നാൽ, സ്വർഗത്തിനു മാത്രമേ ഒരാത്മാവിൽ സമാധാനം സമ്മാനിക്കാൻ കഴിയൂ. ഇതു സത്യമായും സ്വർഗ്ഗത്തിന്റെ ദൗത്യമാണ്; സ്വർഗ്ഗത്തിന്റെ സന്താനങ്ങൾ ഓരോരുത്തരെയും എന്നെ സഹായിക്കാനായി ഞാൻ വിളിക്കുകയും ചെയ്യുന്നു. എന്റെ പ്രിയരേ, നിങ്ങൾക്ക് നല്ല പ്രതിഫലം കിട്ടും.*

## വാല്യങ്ങളിൽനിന്നെടുത്ത പ്രാർത്ഥനകൾ

### പിതാവായ ദൈവത്തോടുള്ള പ്രാർത്ഥന

“സ്വർഗ്ഗസ്ഥനായ എന്റെ പിതാവിനുവേണ്ടി എനിക്കെന്തു ചെയ്യാനാകും?”

“ഞാനങ്ങയിൽ ആശ്രയിക്കുന്നു, ദൈവമേ. ഏറ്റുവാങ്ങലിന്റെ ആത്മാവിൽ ഞാനെന്റെ വേദന അങ്ങേയ്ക്കായി സമർപ്പിക്കുന്നു; ഓരോരോ സാഹചര്യത്തിലും ഞാനങ്ങയെ സേവിക്കുന്നതാണ്.”

“സ്വർഗ്ഗസ്ഥനായ എന്റെ പിതാവേ, അങ്ങ് കാരുണ്യസ്വരൂപനാകുന്നു. അവിടുന്ന് എന്നെ സ്നേഹിക്കുന്നു; എന്റെ

പാപങ്ങളെല്ലാം കാണുകയും ചെയ്യുന്നു. എന്റെ ദയാപൂർണ്ണനായ പിതാവ് എന്ന നിലയിൽ ഞാനങ്ങയെ അഭിസംബോധന ചെയ്യുന്നു. എന്റെ ഓരോ പാപവും പൊറുക്കേണമേ. ഞാൻ ഒരിക്കൽക്കൂടി സമ്പൂർണ്ണ നിഷ്കളങ്കതയിൽ വലയം പ്രാപിക്കാനായി എന്റെ ആത്മാവിലെ കറകളെല്ലാം കഴുകികളഞ്ഞാലും. സ്വർഗ്ഗസ്ഥനായ പിതാവേ, ഞാനങ്ങയിൽ ആശ്രയിക്കുന്നു. ഞാനങ്ങിൽ ശരണപ്പെടുന്നു. ആമേൻ.''

''എന്റെ പിതാവായ ദൈവമേ, എന്റെ ആത്മാവിനെ ശാന്തമാക്കുകയും എന്റെ വഴികളെ നയിക്കുകയും ചെയ്യണേ.''

''ദൈവമേ, ഞാൻ തെറ്റുകൾ ചെയ്തുപോയി. എന്നോട് ക്ഷമിക്കണേ. ഞാനവിടുത്തെ കുഞ്ഞാണ്. ഞാനവിടുത്തോട് ഒന്നായിത്തീരുവാൻ ആഗ്രഹിക്കുന്നു.''

''ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നു. ഈശോ എന്നെ വിളിക്കുന്നുവെന്ന് ഞാൻ വിശ്വസിക്കുന്നു. എന്റെ അനുഗൃഹീത മാതാവ് എന്റെ സഹായം അഭ്യർത്ഥിച്ചിട്ടുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. ആകയാൽ, ഞാൻ ഇന്നും ഓരോ ദിവസവും പ്രാർത്ഥിക്കാൻ പോകുകയാണ്.''

"എന്റെ പിതാവായ ദൈവമേ, മനസ്സിലാക്കാൻ എന്നെ സഹായിക്കണേ."

## ഈശോയോടുള്ള പ്രാർത്ഥനകൾ

"ഈശോയേ, അവിടുത്തേക്ക് ഞാനെന്റെ ദിവസത്തെ തരുന്നു."

"ഈശോയേ, ഇന്ന് അവിടുന്നെന്നെ എങ്ങനെ ഉപയോഗിക്കുവാനാണ് ആഗ്രഹിക്കുന്നത്? അങ്ങേയ്ക്ക് എന്നിലൊരു അനുസരണയുള്ള ദാസനുണ്ട്, ഈശോയേ,

സ്വർഗ്ഗരാജ്യത്തിനായി വേലചെയ്യാൻ എന്നെ അനുവദിച്ചാലും."

"നാഥാ, അവിടുത്തെ വരവിന്റെ തയാറെടുപ്പിനായി എനിക്കിന്ന് എന്തു ചെയ്യാനാകും? എന്റെ വഴി കാണിക്കണേ. അപ്പോൾ ഞാനവിടുത്തെ ആഗ്രഹങ്ങൾ കാണും."

"നാഥാ, എന്നെ സഹായിക്കണേ."

"ഈശോ, എന്നെ സ്നേഹിക്കണേ."

## മാലാഖമാരോടുള്ള പ്രാർത്ഥനകൾ

"സ്വർഗ്ഗീയ ദൂതന്മാരേ, എന്നെ വഴി നടത്തിയാലും."

"ഏറ്റവും പ്രിയപ്പെട്ട കാവൽമാലാഖയേ, സമാധാനത്തിൽ നിലനിന്നുകൊണ്ട് ഈശോയെ സേവിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. എന്റെ ഹൃദയത്തിൽ അവിടുത്തെ ദിവ്യസമാധാനം നിലനിർത്താനാവശ്യമായ കൃപകൾ ദയവായി എനിക്ക് സമ്പാദിച്ചു തന്നാലും

## ക്ലേശിക്കുന്ന ഒരാത്മാവിനു വേണ്ടിയുള്ള പ്രാർത്ഥനകൾ

"ഇതെക്കുറിച്ചെല്ലാം, ഈശോയെ, അവിടുന്നെന്തു കരുതുന്നു? ഈശോയെ, ഈ ആത്മാവിനുവേണ്ടി ഞാനെന്തു ചെയ്യണമെന്നാണ് അങ്ങ് ആവശ്യപ്പെടുന്നത്? ഈശോയെ ഈ അവസ്ഥയിലേക്ക് അവിടുത്തെ എങ്ങനെ ആനയിക്കണമെന്ന് എനിക്കു കാണിച്ചുതന്നാലും."

"കാവൽ മാലാഖയേ, ഈ ആത്മാവിനുമേലുള്ള അങ്ങയുടെ സ്ഥിരം ജാഗ്രതയെ പ്രതി ഞാനങ്ങേക്ക് നന്ദി

പറയുന്നു. സ്വർഗ്ഗീയ വിശുദ്ധരേ, ഈ പ്രിയപ്പെട്ട മാലാഖയെ സഹായിക്കണേ."

## കുട്ടികൾക്കായുള്ള പ്രാർത്ഥന

"സ്വർഗ്ഗസ്ഥനായ ദൈവമേ, സർവതിന്റെയും സ്രഷ്ടാവ് അങ്ങാകുന്നു. ഞങ്ങളുടെ ലോകത്തിനുമേൽ അവിടുത്തെ കൃപകൾ അയച്ചാലും."

"ഈശോയെ, ഞാനങ്ങയെ സ്നേഹിക്കുന്നു."

"ഈശോയെ, ഞാനങ്ങിൽ ആശ്രയിക്കുന്നു. ഈശോയെ, ഞാനങ്ങിൽ ആശ്രയിക്കുന്നു. ഈശോയെ, ഞാനങ്ങിൽ ആശ്രയിക്കുന്നു."

"ഈശോയെ, ഞാനെന്റെ ദിവസത്തെ അവിടുത്തേക്ക് വാഗ്ദാനം ചെയ്യുന്നു."

"അമ്മേ, മറിയേ, നല്ല കുട്ടിയാകാൻ എന്നെ സഹായിക്കണേ."

## കരുണയുടെ ജപമാല ചൊല്ലേണ്ടതെങ്ങനെ?

അഞ്ചു ദശകങ്ങളോടുള്ള സാധാരണ ജപമാല ഉപയോഗിച്ചാണ് കരുണക്കൊന്ത ചൊല്ലുന്നത്. വിശുദ്ധ ഫൗസ്തീനായുടെ ഡയറിയിൽനിന്നുള്ള രണ്ട് പ്രാരംഭ പ്രാർത്ഥനകളോടെ ഇത് ആരംഭിക്കുന്നു; ഒരു സമാപന പ്രാർത്ഥനയോടെ അവസാനിക്കുകയും ചെയ്യുന്നു.

### 1. കുരിശു വരയ്ക്കുക

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആമ്മേൻ

2. ഈശോയെ, അവിടുന്ന് മരിച്ചു. എന്നാൽ, ജീവന്റെ ഉറവ ആത്മാക്കൾക്കായി കുതിച്ചൊഴുകി; സർവ്വലോ

കത്തിനായും കരുണയുടെ കടൽ തുറക്കപ്പെടുകയും ചെയ്തു. ഓ ജീവന്റെ ജലധാരയേ, ആഴമളക്കാനാവാത്ത ദൈവിക കാരുണ്യമേ, ലോകത്തെ മുഴുവൻ പൊതിയുകയും അവിടുത്തെയാകമാനം ഞങ്ങളുടെമേൽ ചൊരിയുകയും ചെയ്യണമേ.
ഈശോയുടെ തിരുഹൃദയത്തിൽ നിന്ന് ഞങ്ങൾക്കായുള്ള കാരുണ്യത്തിന്റെ പ്രവാഹമായി കുതിച്ചൊഴുകിയ ഓ, രക്തവും ജലവുമേ, ഞാനങ്ങയിൽ ആശ്രയിക്കുന്നു!

## 3. കർതൃപ്രാർത്ഥന

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ. അങ്ങയുടെ തിരുമനസ്സ് സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ. അന്നന്നുവേണ്ടുന്ന ആഹാരം ഇന്നും ഞങ്ങൾക്കു തരണമേ. ഞങ്ങളോട് തെറ്റുചെയ്തവരോട് ഞങ്ങൾ ക്ഷമിക്കുന്നതുപോലെ, ഞങ്ങളുടെ തെറ്റുകൾ ഞങ്ങളോടും ക്ഷമിക്കണേ. ഞങ്ങളെ പ്രലോഭനത്തിലേക്ക് നയിക്കരുതേ. പകരം, ദുഷ്ടാരൂപിയിൽനിന്ന് ഞങ്ങളെ രക്ഷിക്കണമേ. ആമേൻ.

## 4. നൻമനിറഞ്ഞ മറിയമേ

നന്മനിറഞ്ഞ മറിയമേ സ്വസ്തി, കർത്താവ് അങ്ങയോടുകൂടെ. സ്ത്രീകളിൽ അങ്ങ് അനുഗ്രഹിക്കപ്പെട്ടവളാകുന്നു. അങ്ങയുടെ ഉദരഫലമായ ഈശോ അനുഗ്രഹിക്കപ്പെട്ടവനാകുന്നു. പരിശുദ്ധ മറിയമേ തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കുവേണ്ടി ഇപ്പോഴും ഞങ്ങളുടെ മരണസമയത്തും തമ്പുരാനോട് അപേക്ഷിക്കേണമേ, ആമേൻ.

## 5. വിശ്വാസപ്രമാണം

സർവ്വശക്തനായ പിതാവും ആകാശത്തിന്റെയും

ഭൂമിയുടെയും സ്രഷ്ടാവുമായ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു. അവിടുത്തെ ഏക പുത്രനും കർത്താവുമായ യേശുക്രിസ്തുവിലും ഞാൻ വിശ്വസിക്കുന്നു. അവിടുന്ന് പരിശുദ്ധാത്മാവിനാൽ കന്യകാമറിയത്തിൽ ഗർഭസ്ഥനായി പിറന്നു. പൊന്തിയൂസ് പീലാത്തോസിന്റെ കാലത്ത് പീഡകൾ സഹിച്ച് കുരിശിൽ തറയ്ക്കപ്പെട്ട് മരിച്ച് അടക്കപ്പെട്ട് മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു. സ്വർഗ്ഗത്തിലേക്കെഴുന്നള്ളി പിതാവായ ദൈവത്തിന്റെ വലതുഭാഗത്ത് ഇരിക്കുന്നു. ജീവിച്ചിരിക്കുന്നവരെയും മരിച്ചവരെയും വിധിക്കാൻ അവിടുന്ന് വീണ്ടും വരുമെന്നും വിശ്വസിക്കുന്നു. പരിശുദ്ധാത്മാവിലും വിശ്വസിക്കുന്നു. പുണ്യവാന്മാരുടെ ഐക്യത്തിലും പാപങ്ങളുടെ മോചനത്തിലും ശരീരത്തിന്റെ ഉയിർപ്പിലും നിത്യമായ ജീവിതത്തിലും വിശ്വസിക്കുന്നു. ആമേൻ.

6. നിത്യപിതാവേ, എന്റെയും ലോകമൊക്കെയുടെയും പാപപരിഹാരങ്ങൾക്കായി അങ്ങയുടെ വത്സല സുതനും ഞങ്ങളുടെ രക്ഷകനുമായ കർത്താവീശോമിശിഹായുടെ തിരുശ്ശരീരവും തിരുരക്തവും ആത്മാവും ദൈവത്വവും അങ്ങേയ്ക്കു ഞാൻ കാഴ്ചവെക്കുന്നു.

## 7. ഈശോയുടെ അതിദാരുണമായ പീഡാനുഭവങ്ങളെപ്രതി –

ഞങ്ങളുടെയും ലോകം മുഴുവന്റെയും മേൽ കൃപയായിരിക്കേണമേ (പത്തുപ്രാവശ്യം)

അഞ്ചു രഹസ്യങ്ങളും പൂർത്തിയാക്കി കഴിഞ്ഞ്

8. പരിശുദ്ധനായ ദൈവമേ, പരിശുദ്ധനായ ബലവാനേ, പരിശുദ്ധനായ അമർത്യനേ, ഞങ്ങളുടെമേൽ കൃപയായിരിക്കണമേ (മൂന്നു പ്രാവശ്യം)

# ജപമാല ചൊല്ലേണ്ടതെങ്ങനെ?




1. കുരിശു വരയ്ക്കുകയും 'വിശ്വാസപ്രമാണം' ചൊല്ലുകയും ചെയ്യുക.

2.'സ്വർഗ്ഗസ്ഥനായ പിതാവേ' ചൊല്ലുക

3. പിതാവായ ദൈവത്തിന്റെ മകളായ പരിശുദ്ധ കന്യകാ മറിയമേ, ഞങ്ങളിൽ ദൈവവിശ്വാസമെന്ന പുണ്യ മുണ്ടായി ഫലം ചെയ്യുന്നതിന് അങ്ങേ തിരുക്കുമാരനോട് അപേക്ഷിക്കേണമേ.

*ഒരു നന്മനിറഞ്ഞ മറിയം ചൊല്ലുക.*

- പുത്രനായ ദൈവത്തിന്റെ മാതാവായ പരിശുദ്ധകന്യകാ മറിയമേ, ഞങ്ങളിൽ ദൈവശരണമെന്ന പുണ്യമുണ്ടായി വളരുന്നതിന് അങ്ങേ തിരുക്കുമാരനോട് അപേക്ഷിക്കേണമേ. *ഒരു നന്മ..*
- പരിശുദ്ധമായ ദൈവത്തിന്റെ മണവാട്ടിയായ പരിശുദ്ധ കന്യകാ മറിയമേ, ഞങ്ങളിൽ ദൈവസ്നേഹമെന്ന പുണ്യമുണ്ടായി വർദ്ധിക്കുന്നതിന് അങ്ങേ തിരുക്കുമാരനോട് അപേക്ഷിക്കേണമേ. *ഒരു നന്മ...*

4. ത്രിത്വസ്തുതി ചൊല്ലുക.
5. ഒന്നാം ദിവ്യരഹസ്യം പ്രഖ്യാപിക്കുന്നു.

   ഒരു "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...."
6. ദിവ്യരഹസ്യത്തെക്കുറിച്ച് ധ്യാനിക്കവേ, പത്തു "നന്മനിറഞ്ഞ മറിയമേ" ചൊല്ലുക.

7. ത്രിത്വസ്തുതി. തുടർന്ന് പരിശുദ്ധ മാതാവിന്റെ ഫാത്തിമാജപം: "*ഓ എന്റെ ഈശോയെ, ഞങ്ങളുടെ പാപങ്ങൾ പൊറുക്കണേ. നരകാഗ്നിയിൽ നിന്ന് ഞങ്ങളെ രക്ഷിക്കണേ. എല്ലാ ആത്മാക്കളെയും വിശിഷ്യാ, അങ്ങേ കാരുണ്യം കൂടുതൽ ആവശ്യമുള്ളവരെയും സ്വർഗത്തിലേക്ക് ആനയിക്കേണമേ.*"
8. അടുത്ത നാലു രഹസ്യങ്ങളിലും 5, 6, 7 പ്രാർത്ഥനകൾ ആവർത്തിക്കുക.
9. "പരിശുദ്ധ രാജ്ഞി, കരുണയുള്ള മാതാവേ..." എന്ന പ്രാർത്ഥന.

പൊതുവെ പറഞ്ഞാൽ, ആനന്ദകരമായ രഹസ്യങ്ങൾ തിങ്കളും ശനിയും, ദുഃഖകരമായ രഹസ്യങ്ങൾ ചൊവ്വയും വെള്ളിയും, മഹത്വത്തിന്റെ രഹസ്യങ്ങൾ ബുധനും ഞായറും പിന്നെ, പ്രകാശത്തിന്റെ രഹസ്യങ്ങൾ വ്യാഴവും ചൊല്ലുക.

## രഹസ്യങ്ങളെക്കുറിച്ചുള്ള പരിശുദ്ധ പിതാവിന്റെ വിചിന്തനങ്ങൾ

### ആനന്ദകരമായ രഹസ്യങ്ങൾ

മനുഷ്യാവതാര സംഭവത്തിൽ നിന്ന് പ്രസരിക്കുന്ന ആനന്ദത്താൽ ശ്രദ്ധേയമാണ് 'ആനന്ദകരമായ രഹസ്യങ്ങൾ.' ഒന്നാമത്തെ രഹസ്യമായ മംഗലവാർത്തയിൽത്തന്നെ ഇത് വ്യക്തമാകുന്നു. നസ്രേത്തിലെ കന്യകയ്ക്കായുള്ള ഗബ്രിയേൽ ദൈവദൂതന്റെ ആശംസ ദൈവികമായ ആനന്ദത്തിലേക്കുള്ള ക്ഷണവുമായി ബന്ധപ്പെട്ടിരിക്കുന്നു: "മറിയമേ, ആനന്ദിച്ചാലും" രക്ഷയുടെ സർവസ്വവും ഈ ആശംസയിൽ ആരംഭിക്കുകയാണ്. (ആഗമനകാലത്തെ ഞായറാഴ്ചകളിലും ഈ രഹസ്യം ധ്യാനിക്കാവുന്നതാണ്.)

## പ്രകാശത്തിന്റെ രഹസ്യങ്ങൾ

ഈശോയുടെ ശൈശവത്തിൽ തുടങ്ങി നസ്രേത്തിലെ രഹസ്യ ജീവിതത്തിലെ പരസ്യ ജീവിതത്തിലേക്കു നീളുന്ന നമ്മുടെ ധ്യാനമാണ് "പ്രകാശത്തിന്റെ രഹസ്യങ്ങൾ" എന്ന് സവിശേഷമായൊരു രീതിയിൽ വിളിക്കാവുന്ന ഈ രഹസ്യങ്ങൾ. സത്യമായും ഈശോയുടെ എല്ലാ രഹസ്യവും പ്രകാശപൂർണമാണ്. അവിടുന്ന് "ലോകത്തിന്റെ പ്രകാശമാകുന്നു" (യോഹ 8:12). എങ്കിലും തന്റെ പരസ്യജീവിതത്തിന്റെ വർഷങ്ങളിലൂടെ സവിശേഷമായൊരു രീതിയിൽ ഈ സത്യം വെളിപ്പെടുകയാണ്.

### ദു:ഖകരമായ രഹസ്യങ്ങൾ

ഈശോയുടെ ദു:ഖകരമായ രഹസ്യങ്ങൾക്ക് സുവിശേഷങ്ങൾ വലിയ പ്രാമുഖ്യമാണ് കൊടുക്കുന്നത്. ക്രിസ്തീയമായ കരുണരസം സഹനത്തിന്റെ വ്യത്യസ്തനിമിഷങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുന്നു. കുരിശിന്റെ വഴിയുടെ പെസഹാക്കാല ഭക്തിയിൽ ഇതു കൂടുതൽ വ്യക്തമാണ്. ദൈവസ്നേഹത്തിന്റെയും രക്ഷയുടെ ഉറവയുടെയും വെളിവാക്കലിന്റെ പരിപൂർത്തി ഇവിടെ കാണാം. *(പെസഹാക്കാലത്തെ ഞായറാഴ്ചകളിലും ചൊല്ലാവുന്നതാണ്.)*

### മഹത്വത്തിന്റെ രഹസ്യങ്ങൾ

"ഈശോയുടെ തിരുമുഖധ്യാനം ക്രൂശിതന്റെ ബിംബത്തിൽ അവസാനിപ്പിക്കാനാവില്ല. അവിടുന്നത് പുനരുത്ഥാനം ചെയ്തവനാണ്!" വിശ്വാസത്തിൽ നിന്നു ജനിച്ച ഈ ജ്ഞാനം ജപമാലയിൽ എല്ലായ്പ്പൊഴും പ്രകടമാകുന്നു. പുനരുത്ഥാനത്തിലും സ്വർഗ്ഗാരോഹണത്തിലും ഈശോയുടെ മഹത്വത്തെ നോക്കിക്കാണാൻ വേണ്ടി, പീഡാസഹനത്തിന്റെ അന്ധകാരത്തിനുമപ്പുറത്തേക്ക് കടക്കാനും ഇത് വിശ്വാസികളെ ക്ഷണി

ക്കുന്നുണ്ട്... മറിയം തന്നെ അതേ മഹത്വത്തിലേക്ക് സ്വർഗ്ഗാരോഹണസമയത്ത് ഉയർത്തപ്പെടുന്നു.

ഭാഗ്യസ്മരണാർഹനായ ജോൺപോൾ രണ്ടാമൻ പാപ്പയുടെ 2002 ഒക്ടോബർ 16ലെ 'പരിശുദ്ധ കന്യകാ മറിയത്തിന്റെ ജപമാല' എന്ന അപ്പസ്തോലിക ലേഖനത്തിൽ നിന്നും എടുത്തതാണീ വിചിന്തനങ്ങൾ.

# ജപമാല പ്രാർത്ഥനകൾ

## കുരിശടയാളം

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, ആമേൻ

## വിശ്വാസപ്രമാണം

സർവശക്തനായ പിതാവും ആകാശത്തിന്റെയും ഭൂമിയുടെയും സ്രഷ്ടാവുമായ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു. അവിടുത്തെ ഏക പുത്രനും കർത്താവുമായ യേശുക്രിസ്തുവിലും ഞാൻ വിശ്വസിക്കുന്നു. അവിടുന്ന് പരിശുദ്ധാത്മാവിനാൽ കന്യകാമറിയത്തിൽ ഗർഭസ്ഥനായി പിറന്നു. പൊന്തിയൂസ് പീലാത്തോസിന്റെ കാലത്ത് പീഡകൾ സഹിച്ച് കുരിശിൽ തറയ്ക്കപ്പെട്ട് മരിച്ച് അടക്കപ്പെട്ട് മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു. സ്വർഗ്ഗത്തിലേക്കെഴുന്നള്ളി പിതാവായ ദൈവത്തിന്റെ വലതുഭാഗത്ത് ഇരിക്കുന്നു. ജീവിച്ചിരിക്കുന്നവരെയും മരിച്ചവരെയും വിധിക്കാൻ അവിടുന്ന് വീണ്ടും വരുമെന്നും വിശ്വസിക്കുന്നു. പരിശുദ്ധാത്മാവിലും വിശ്വസിക്കുന്നു. പുണ്യവാന്മാരുടെ ഐക്യത്തിലും പാപങ്ങളുടെ മോചനത്തിലും ശരീരത്തിന്റെ ഉയിർപ്പിലും നിത്യമായ ജീവിതത്തിലും വിശ്വസിക്കുന്നു. ആമേൻ.

## കർതൃപ്രാർത്ഥന

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ. അങ്ങയുടെ തിരുമനസ്സ് സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ. അന്നന്നുവേണ്ടുന്ന ആഹാരം ഇന്നും ഞങ്ങൾക്കു തരണമേ. ഞങ്ങളോട് തെറ്റുചെയ്തവരോട് ഞങ്ങൾ ക്ഷമിക്കുന്നതുപോലെ, ഞങ്ങളുടെ തെറ്റുകൾ ഞങ്ങളോടും ക്ഷമിക്കണേ. ഞങ്ങളെ പ്രലോഭനത്തിലേക്ക് നയിക്കരുതേ. പകരം, ദുഷ്ടാരൂപിയിൽനിന്ന് ഞങ്ങളെ രക്ഷിക്കണമേ. ആമേൻ.

## നന്മനിറഞ്ഞ മറിയമേ

നന്മനിറഞ്ഞ മറിയമേ സ്വസ്തി, കർത്താവ് അങ്ങയോടുകൂടെ. സ്ത്രീകളിൽ അങ്ങ് അനുഗ്രഹിക്കപ്പെട്ടവളാകുന്നു. അങ്ങയുടെ ഉദരത്തിൽ ഫലമായ ഈശോ അനുഗ്രഹിക്കപ്പെട്ടവനാകുന്നു. പരിശുദ്ധ മറിയമേ തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കുവേണ്ടി ഇപ്പോഴും ഞങ്ങളുടെ മരണസമയത്തും തമ്പുരാനോട് അപേക്ഷിക്കണമേ, ആമേൻ.

## ത്രിത്വസ്തുതി

- പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിന് സ്തുതിയായിരിക്കട്ടെ
- ആദിയിലെപ്പോലെ ഇപ്പൊഴും എപ്പൊഴും എന്നന്നേയ്ക്കും , ആമേൻ

## പരിശുദ്ധ രാജ്ഞി

പരിശുദ്ധ രാജ്ഞീ, കരുണയുള്ള മാതാവേ സ്വസ്തി. ഞങ്ങളുടെ ജീവനും കാരുണ്യവുമേ സ്വസ്തി.

ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്ക് ഞങ്ങൾ യോഗ്യരാകുവാൻ:

സർവേശ്വരന്റെ പരിശുദ്ധ മാതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണേ, ആമേൻ

# രഹസ്യങ്ങൾ

## ആനന്ദകരമായ ഒന്നാം രഹസ്യം:

## മംഗലവാർത്ത

ദൈവദൂതൻ അവളുടെ അടുക്കലേക്കു വന്നു പറഞ്ഞു: "കൃപനിറഞ്ഞവളേ സ്വസ്തി. ദൈവം നിന്നോടുകൂടെ. സ്ത്രീകളിൽ നീ അനുഗ്രഹീതയാകുന്നു." (ലൂക്ക.1:28)

"1 സ്വർഗസ്ഥനായ.., 10 നന്മ.. ഒരു ത്രിത്വസ്തുതി."

ഓ എന്റെ ഈശോയെ, നരകാഗ്നിയിൽ നിന്ന് എന്നെ രക്ഷിക്കണേ. എല്ലാ ആത്മാക്കളെയും വിശിഷ്യാ, അങ്ങേ കാരുണ്യം കൂടുതൽ ആവശ്യമുള്ളവരെയും സ്വർഗത്തിലേക്ക് ആനയിക്കണേ.

ഈ രഹസ്യത്തിന്റെ ഫലം: **എളിമ.**

## ആനന്ദകരമായ രണ്ടാം രഹസ്യം

## എലിസബത്തിനെ സന്ദർശിക്കുന്നു.

പരിശുദ്ധാത്മാവിനാൽ നിറഞ്ഞ എലിസബത്ത് ഉച്ച ത്തിൽ വിളിച്ചുപറഞ്ഞു: "സ്ത്രീകളിൽ നീ അനുഗൃഹീ തയാകുന്നു; നിന്റെ ഉദരഫലവും അനുഗൃഹീതമത്രേ." (ലൂക്കാ. 41:42)

"1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ.."

ഈ രഹസ്യത്തിന്റെ ഫലം: **അയൽക്കാരോടുള്ള സ്നേഹം.**

## ആനന്ദകരമായ മൂന്നാം രഹസ്യം: ഈശോയുടെ ജനനം

അവൾ തന്റെ ആദ്യജാതനായ ആൺകുട്ടിക്ക് ജന്മം നൽകി. കീറത്തുണികളിൽ പൊതിഞ്ഞ ശിശുവിനെ അവളൊരു പുൽത്തൊട്ടിയിൽ കിടത്തി. എന്തെന്നാൽ, സത്രത്തിൽ അവർക്ക് സ്ഥലം കിട്ടിയില്ല. (ലൂക്ക 2:7)

1 സ്വർ. 10നന്മ. 1ത്രിത്വ., ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: **ദാരിദ്ര്യം**

## ആനന്ദകരമായ നാലാം രഹസ്യം: ദൈവാലയ സമർപ്പണം

മോശയുടെ നിയമമനുസരിച്ച് അവരെ ശുദ്ധീകരിക്കേണ്ട ദിനം വന്നപ്പോൾ, മകനെ തമ്പുരാന് സമർപ്പിക്കാനായി ആ ദമ്പതികൾ അവനെ ജറുസലേമിൽ കൊണ്ടുചെന്നു. എന്തെന്നാൽ, കർതൃനിയമത്തിൽ ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: "ആദ്യജാതനായ ഓരോ ആൺകുട്ടിയെയും തമ്പുരാന് സമർപ്പിക്കണം." (ലൂക്ക 2.22–23)

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: **അനുസരണം**

## ആനന്ദകരമായ അഞ്ചാം രഹസ്യം: ഉണ്ണീശോയെ ദൈവാലയത്തിൽ കണ്ടെത്തുന്നു.

മൂന്നാം ദിവസം അവർ, ദൈവാലയത്തിൽ പണ്ഡിതന്മാർക്കു മധ്യേ ഇരിക്കുന്ന, അവരെ ശ്രവിക്കുകയും ചോദ്യങ്ങൾ ചോദിക്കുകയും ചെയ്യുന്ന അവനെ കണ്ടുമുട്ടി. (ലൂക്ക 2:46)

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: **ഈശോയെ കണ്ടെത്തുന്നതിലെ ആനന്ദം**

## പ്രകാശത്തിന്റെ ഒന്നാം രഹസ്യം: ഈശോയുടെ ജ്ഞാനസ്നാനം

ഈശോ ജ്ഞാനസ്നാനം ചെയ്യപ്പെട്ടപ്പോൾ... സ്വർഗ്ഗം തുറക്കപ്പെടുന്നതും ദൈവത്തിന്റെ ആത്മാവ് ഒരു മാടപ്പിറാവിന്റെ രൂപത്തിൽ പറന്നിറങ്ങുന്നതും അവിടുന്നു കണ്ടു. അത് അവിടുത്തെമേൽ ആവസിച്ചു. ആഹാ, അപ്പോൾ സ്വർഗ്ഗത്തിൽ നിന്നും ഇങ്ങനെ പറയുന്ന ഒരു ശബ്ദമുണ്ടായി: "ഇവൻ എന്റെ പ്രിയപുത്രനാകുന്നു. ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു." (മത്താ.3.16–17)

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: **പരിശുദ്ധാത്മാവിനോടുള്ള തുറവി**

## പ്രകാശത്തിന്റെ രണ്ടാം രഹസ്യം കാനായിലെ കല്യാണം

അവിടുത്തെ അമ്മ സേവകരോട് പറഞ്ഞു: അവൻ എന്തുപറയുന്നുവോ അതു ചെയ്യുവിൻ. ഈശോ അവരോടു പറഞ്ഞു: "ഭരണികൾ ജലത്താൽ നിറയ്ക്കുവിൻ."അവർ അവ വക്കുവരെ നിറച്ചു. (യോഹ. 2: 5–7)

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ...

## പ്രകാശത്തിന്റെ മൂന്നാം രഹസ്യം ദൈവരാജ്യപ്രഖ്യാപനം

നിങ്ങൾ പോകവേ, ഇങ്ങനെ പ്രഘോഷിക്കുവിൻ: "സ്വർഗ്ഗരാജ്യം സമീപസ്ഥമായിരിക്കുന്നു." രോഗികളെ

സൗഖ്യപ്പെടുത്തുകയും മരിച്ചവരെ ഉയിർപ്പിക്കയും കുഷ്ഠ രോഗികളെ ശുചിയാക്കുകയും പിശാചുക്കളെ പുറത്താക്കുകയും ചെയ്യുവിൻ. നിങ്ങൾക്ക് പണം കൊടുക്കാതെ കിട്ടി; നിങ്ങളും പണം സ്വീകരിക്കാതെ കൊടുക്കുക. (മത്താ. 10:7–8)

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: **പശ്ചാത്താപവും ദൈവത്തിലുള്ള ആശ്രയവും**

## പ്രകാശത്തിന്റെ നാലാം രഹസ്യം
## രൂപാന്തരീകരണം

അവിടുന്ന് പ്രാർത്ഥിച്ചുകൊണ്ടിരിക്കെ ആ മുഖം മാറി. അവിടുത്തെ വസ്ത്രം വെൺമഞ്ഞുപോലെ വെട്ടിത്തിളങ്ങി. അപ്പോൾ മേഘത്തിൽ നിന്നും ഇങ്ങനെ പറയുന്ന ഒരു സ്വരം കേട്ടു. ഇവനെന്റെ പുത്രനാകുന്നു; എന്റെ തെരഞ്ഞെടുക്കപ്പെട്ടവൻ. അവനെ ശ്രവിക്കുവിൻ! (ലൂക്ക. 9:29,35)

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: **വിശുദ്ധിക്കായുള്ള ആഗ്രഹം**

## പ്രകാശത്തിന്റെ അഞ്ചാം രഹസ്യം:
## പരിശുദ്ധ കുർബാനയുടെ സ്ഥാപനം

അവിടുന്ന് അപ്പമെടുത്തു. നന്ദിപറഞ്ഞുകൊണ്ട് അവിടുന്നത് മുറിച്ച് ഇങ്ങനെ പറഞ്ഞുകൊണ്ട് ശിഷ്യന്മാർക്ക് കൊടുത്തു: “ഇത് നിങ്ങൾക്കായി നൽകപ്പെടാനിരിക്കുന്ന എന്റെ ശരീരം.” അതുപോലെ തന്നെ അത്താഴം കഴിഞ്ഞ് ഇപ്രകാരം പറഞ്ഞുകൊണ്ട് പാനപാത്രമെടുത്തു: “നിങ്ങൾക്കായി പകരപ്പെടുന്ന ഈ പാത്ര

ത്തിലെ പാനീയം എന്റെ രക്തത്തിലുള്ള പുതിയ ഉടമ്പടിയാകുന്നു" (ലൂക്ക. 22:19–20)

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: **ആരാധന**

## ദു:ഖകരമായ ഒന്നാം രഹസ്യം:
## ഗത്സെമനിയിൽ രക്തം വിയർക്കുന്നു

തന്റെ അതികഠിനമായ മനോവേദനയിൽ അവിടുന്ന് പൂർവാധികം തീക്ഷ്ണതയോടെ പ്രാർത്ഥിച്ചു. അപ്പോൾ അവിടുത്തെ രക്തം വിയർപ്പുതുള്ളികളായി മണ്ണിൽ വീണു. പിന്നീട് അവിടുന്ന് പ്രാർത്ഥന കഴിഞ്ഞെഴുന്നേറ്റ് തന്റെ ശിഷ്യന്മാരുടെയടുക്കലെത്തി. അവരപ്പോൾ ദു:ഖത്താൽ തളർന്ന് ഉറങ്ങിപ്പോയിരുന്നു. (ലൂക്ക. 22: 44–45)

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം:

**പാപത്തെപ്രതി ദുഃഖം**

## ദുഃഖകരമായ രണ്ടാം രഹസ്യം:
## കൽത്തൂണിൽക്കെട്ടി അടിക്കുന്നു.

ഈശോയെ ചാട്ടയടിക്കുവാൻ കൊണ്ടുവരികയായിരുന്നു പീലാത്തോസിന്റെ അടുത്ത നടപടി. (യോഹ 19:1)

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: **ശുദ്ധത**

## ദു:ഖകരമായ മൂന്നാം രഹസ്യം:
## മുൾമുടി ധരിപ്പിക്കൽ

അവർ അവിടുത്തെ വസ്ത്രങ്ങൾ ഊരിമാറ്റി; കടുംചെമപ്പായ പട്ടാളവസ്ത്രം ധരിപ്പിച്ചു. മുള്ളുകളാൽ ഒരു

കിരീടം മെനഞ്ഞ് അതവിടുത്തെ തലയിൽ ധരിപ്പിച്ചു. എന്നിൽ വലതുകൈയിൽ ഒരു ഞാങ്കണ പിടിപ്പിച്ചു. (മത്താ. 27:28–29)

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: **ധൈര്യം**

### ദു:ഖകരമായ നാലാം രഹസ്യം: കുരിശുവഹിക്കൽ

സ്വയം കുരിശുവഹിച്ചുകൊണ്ട് അവിടുന്ന് 'തലയോട്ടിയുടെ ഇടം' എന്നു വിളിക്കപ്പെടുന്നയിടത്തേക്കു പോയി (ഹീബ്രുവിൽ ഗൊൽഗോത്ത). (യോഹ. 19:17).

1 സ്വർ. 10നന്മ. 1 ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: **ക്ഷമ**

### ദു:ഖകരമായ അഞ്ചാം രഹസ്യം ക്രൂശിക്കൽ

ഈശോ ഉച്ചത്തിൽ കരഞ്ഞുകൊണ്ട് പറഞ്ഞു:"പിതാവേ, അങ്ങേപ്പക്കൽ ഞാൻ എന്റെ ആത്മാവിനെ സമർപ്പിക്കുന്നു." ഇതു പറഞ്ഞശേഷം അവിടുന്നു മരിച്ചു.

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: **സഹനം**

### മഹത്വത്തിന്റെ ഒന്നാം രഹസ്യം പുനരുത്ഥാനം

നിങ്ങൾ വിസ്മയിക്കേണ്ടാ! നിങ്ങൾ ക്രൂശിക്കപ്പെട്ട നസ്രായനായ ഈശോയെ തിരയുന്നു. അവിടുന്ന് ഉയിർപ്പിക്കപ്പെട്ടു. അവിടുന്ന് ഇവിടെയില്ല. അവർ അവിടുത്തെ കിടത്തിയ സ്ഥലം വന്നുകാണുവിൻ. (മർക്കോ. 16:6).

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ..
ഈ രഹസ്യത്തിന്റെ ഫലം: **വിശ്വാസം.**

**മഹത്വത്തിന്റെ രണ്ടാം രഹസ്യം:**
**സ്വർഗ്ഗാരോഹണം**

പിന്നെ, അവരോടു സംസാരിച്ച ശേഷം ഈശോ നാഥൻ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെടുകയും ദൈവത്തിന്റെ വലതുഭാഗത്ത് ആസനസ്ഥനാകുകയും ചെയ്തു. (മർക്കോ 16:19)
1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ.."

**മഹത്വത്തിന്റെ മൂന്നാം രഹസ്യം:**
**പരിശുദ്ധാത്മാവിന്റെ ആഗമനം**

സർവരും പരിശുദ്ധാത്മാവിനാൽ പൂരിതരായി, അവർ അന്യഭാഷകളിൽ സംസാരിക്കാനും ആത്മാവ് പ്രചോദിപ്പിച്ചതനുസരിച്ച് ധീരമായ പ്രഖ്യാപനങ്ങൾ നടത്താനും തുടങ്ങി.( അ.ന. 2:4)
1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ...
ഈ രഹസ്യത്തിന്റെ ഫലം: **ദൈവസ്നേഹം**

**മഹത്വത്തിന്റെ നാലാം രഹസ്യം:**
**പരിശുദ്ധ മാതാവിന്റെ സ്വർഗ്ഗാരോഹണം**

നീയാണ് യെരുശലേമിന്റെ മഹത്വം... നീയാണ് നമ്മുടെ ജനതയുടെ വലിയ അഭിമാനം... നിന്റെ നേട്ടങ്ങളിൽ ദൈവം സംപ്രീതനായിരിക്കുന്നു. സർവശക്തനായ

തമ്പുരാനാൽ നീ എന്നന്നേയ്ക്കും അനുഗൃഹീതയാകട്ടെ. (യൂദി 15:9–10)

1 സ്വർ. 10നന്മ 1ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: **സന്തോഷകരമായ മരണത്തിനുള്ള കൃപ**

**മഹത്വത്തിന്റെ അഞ്ചാം രഹസ്യം:**
**സ്വർലോക രാജ്ഞിയായി മുടിധരിപ്പിക്കൽ**

മഹത്തായൊരു അടയാളം ആകാശത്ത് പ്രത്യക്ഷമായി. സൂര്യനെ ഉടയാടയും ചന്ദ്രനെ പാദപീഠവുമാക്കിയ ഒരു സ്ത്രീ. അവളുടെ ശിരസ്സിൽ പന്ത്രണ്ടു നക്ഷത്രങ്ങളുടെ ഒരു കിരീടം.

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: **മറിയത്തിന്റെ മധ്യസ്ഥത്തിലുള്ള ആശ്രയം**